OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol. III   Book.08   Regd. No. ER/450/2001 1196 കർക്കടകം- ചിങ്ങം 2021 ഓഗസ്റ്റ്   Date: 31.08.2021

## പത്രാധിപക്കുറിപ്പ്

# ഓണമനസ്സിന്റെ നെടുവീർപ്പുകൾ ...

**കെ.രാജീവൻ**



തിരുവോണം!! മഹാമാരിയുടെ വിളയാട്ടത്തിനിടയിൽപ്പെട്ട് , പതിവ് ആരവങ്ങളില്ലാതെ, കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നമുക്കിടയിലൂടെ കടന്നു പോയ, ദൈവത്തിന്റെ സ്വന്തം രാജ്യത്തുടനീളം പ്രിയപ്പെട്ട, ദേശീയോത്സവം നിറം ചോർന്നു പോയ അരങ്ങേറ്റത്തിലൂടെ വീണ്ടും മലയാള മണ്ണിൽ സമാഗതമായിരിക്കുന്നു. നിറങ്ങളും സുഗന്ധങ്ങളും ഒരുമിച്ച് കൊണ്ടുവരുന്ന പൊന്നോണം മലയാളി മനസ്സുകളിൽ വിരിയിക്കുന്ന ഹർഷോന്മാദവും അതിൽ നിന്നും താനേ രൂപപ്പെടുന്ന ജാതിമതവർഗ ഭേദമില്ലാത്ത സാമൂഹികാ വസ്ഥയും പൊതുബോധവും കേരളത്തെ മറ്റു ഭൂപ്രദേശ ങ്ങളിൽ നിന്നും വേർതിരിച്ചു നിർത്തുന്നു എന്നത് ചരിത്രം എന്നേ രേഖപ്പെടുത്തിയതാണ്. ഒരുപക്ഷേ ആ ഒരു തിരിച്ചറിവ് അംഗീകരിച്ചു കൊണ്ട് തന്നെയാവണം കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ വർഷത്തെ ഓണത്തിന് പതിവ് കർശന നിയന്ത്രണങ്ങളിൽ അല്പസ്വ ല്പം ഇളവ് സർക്കാർ പ്രഖ്യാപിച്ചതും.

തലമുറകളായി പകർന്നു കിട്ടിയ, മഹാബലിയുടെയും വാമനന്റെയും ഐതിഹ്യങ്ങളിൽ ആസ്വാദ്യതയേറെയു ണ്ടെങ്കിലും വസ്തുനിഷ്ഠമായ ഒരപഗ്രഥനം വെളിച്ചം വീശുന്നത് ഓണത്തിന് ആസ്പദമായ കേരളത്തിന്റെ തന തായ കാർഷിക സാംസ്കൃതിയിലേക്ക് തന്നെ. ഓണത്തിന് നാന്ദി കുറിച്ചുകൊണ്ട് ചിങ്ങം നമ്മിലേക്ക് പതിയെ പടിയേറുമ്പോൾ മലയാളിയെ സംബന്ധിച്ചിടത്തോളം അത് പുതുവർഷാരംഭമാണ്.

കർഷകൻ "മേടത്തിൽ വിതച്ചത് നാലു മാസങ്ങളിലെ ശുഷ്കാന്തിയോടെയുള്ള പരിരക്ഷയ്ക്കും കാത്തിരിപ്പിനും ശേഷം കൊയ്യുന്ന ചിങ്ങ മാസം." അത്കൊണ്ട് തന്നെ ഓണമെന്നത് കേരളത്തിന്റെ കൊയ്ത്തുത്സവമായും അറിയപ്പെടുന്നു.

ഇടവേളയില്ലാത്ത കർക്കിടകപ്പെയ്ത്തിനും അനുബന്ധമായ പഞ്ഞമാസ വറുതിക്കും പിന്നാലെ നമ്മെ തിരഞ്ഞെത്തുന്ന തെളിമാനവും സുവർണ്ണ ശോഭയാൽ കിഴക്കിനെ പ്രകാശമാനമാക്കുന്ന ചെങ്കതിരോനും തുമ്പയും തെച്ചിയും കാക്ക പ്പൂവും നന്ത്യാർവട്ടവും നിറഞ്ഞ നാട്ടുവഴി യിലൂടെ പൂക്കൂടയും കഴുത്തിൽ തൂക്കി പൂക്കൾ ശേഖരിക്കുന്ന കൊച്ചുബാല്യങ്ങളുടെ നിറംമങ്ങിയ ഒരു പഴയ ചിത്രമാണ് ഇപ്പോൾ എന്റെ മനസ്സിൽ. പരമ്പരാഗത കലാരൂപങ്ങളും കളികളും എല്ലായിടത്തും കൊണ്ടാടുകയും നാട് മുഴുവ ൻ ഉണരുകയും ഉല്ലാസഭരിതമാകയും ചെയ്യുന്ന ഒരു പഴയ കാലം. നവനിർമ്മിതിയുടെയും നവ മാത്സര്യ ങ്ങളുടെയും തിരക്കിലും സമ്മർദ്ദങ്ങൾക്കുമിടയിൽപ്പെട്ട് ഇല്ലാതായിപ്പോയ ആ പഴയ നന്മദിനങ്ങളെ ഓർമ്മ കളിലൂടെ തിരികെ കൊണ്ടുവരാൻ പോലും അശക്തരായിരി ക്കുന്നു നാമേവരും. കോവിഡ് മഹാമാരി അതിന് ആക്കം കൂട്ടുകയും ചെയ്തു.

എങ്കിലും ഈ പ്രതിസന്ധി താത്കാലികമാണെന്ന് നമുക്ക് വിശ്വസിക്കാം. പ്രത്യാശയാണല്ലോ നമ്മെ കാലാകാലങ്ങളാ യി മുന്നോട്ടേക്ക് നയിക്കുന്നത് ? അത് കൊണ്ട് തന്നെ ഏത് പ്രതിസന്ധികൾക്കൊടുവിലും ഒരു വെളിച്ചം നിറഞ്ഞ പ്രഭാതം നമ്മെ കാത്തിരിപ്പുണ്ട് എന്ന വിശ്വാസത്തിൽ നമുക്ക് യാത്ര തുടരാം. അതിന് നാന്ദി കുറിക്കട്ടെ പടിവാതിലിനപ്പുറത്ത് എത്തിനിൽക്കുന്ന ഈ പൊന്നോണം.
എല്ലാവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ!!



കെ.രാജീവൻ



ഓണത്തോടനുബന്ധിച്ചു നടത്തപ്പെടുന്ന ലോക പ്രശസ്ത വള്ളംകളി മത്സരങ്ങൾ

# എസ്.ബി.ഐ. കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസ്സ്, ഓണാഘോഷ പരിപാടികളോടെ

കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫിസ്സിൽ 2021 ഓഗസ്റ്റ് മാസം 19–ാം തിയതി കോവിഡ് പ്രോട്ടോക്കോൾ നിയന്ത്രണങ്ങൾ പാലിച്ച് തിരുവോണം സമുചിതമായി ആഘോഷിച്ചു. ഓണാഘോഷങ്ങളുടെ ഭാഗമായി കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫിസ്സ് പരിസരത്ത് പൂക്കളം ഒരുക്കുന്ന പരിപാടി ബാങ്ക് ഒന്നാം ഓണത്തിന്റെ തലേന്ന് പൂരാടം നാളിൽ ആസൂത്രണം ചെയ്തു. ഡിജിഎം, എ.ജി.എം, റീജിയണൽ മാനേജർമാർ, മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും പങ്കെടുത്ത വിശേഷ പരിപാടിലേക്ക് സംഘടനയെ പ്രതിനിധീകരിച്ച് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ പങ്കെടുത്തു



ഓണാഘോഷ പരിപാടികളുടെ ഉദ്ഘാടനം ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. സുരേഷ് വാക്കിയിൽ നിലവിളക്ക് കൊളുത്തി നിർവഹിക്കുന്നു.

എസ് ബി ഐ ഓഫീസേഴ്സ് അസോസിയേഷനെ പ്രതിനിധീകരിച്ച് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ അലക്സ് മണ്ണൂരാൻപറമ്പിൽ, സ്റ്റാഫ് യൂണിയൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ വിനോദ്, എന്നിവരുടെ സാന്നിധ്യത്തിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ സുരേഷ് വാക്കിയിൽ ഉദ്ഘാടനം ചെയ്തു. സ്വാഗത പ്രസംഗവും ദീപം തെളിക്കുന്ന ചടങ്ങും ആരംഭിച്ചു. ഡിജിഎം സമ്മേളനത്തെ അഭിസംബോധന ചെയ്ത് ഓണസന്ദേശം നൽകി. ഏവർക്കും സന്തോഷവും സമൃദ്ധവുമായ ഓണം ആശംസിച്ചു. റീജിയണൽ മാനേജർമാരും ഓഫീസേഴ്സ് അസോസിയേഷന്റെയും സ്റ്റാഫ് യൂണിയന്റെയും നേതാക്കളും സംസാരിച്ചു. എസ് ബി.ഐ. പെൻഷനേഴ്സ് അസോസിയേഷന്റെ കോട്ടയം ഡിജിഎസ് മാത്യു അടയ്ക്കാമുണ്ടയ്ക്കൽ ഡിജിഎമ്മിനും എല്ലാ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും ഓണാശംസകൾ നേർന്നു. ഓണാഘോഷത്തിൽ ക്ഷണിച്ചതിന് അദ്ദേഹം പ്രത്യേകം നന്ദി പറഞ്ഞു.

തുടർന്ന് സ്റ്റാഫിന്റെ വക വിവിധ കലാപരിപാടികളും വിഭവസമൃദ്ധമായ ഓണ സദ്യയുമുണ്ടായിരുന്നു.



ഉദ്ഘാടനാനന്തരം നടന്ന ദീപം തെളിയിക്കൽ ചടങ്ങിൽ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ വിളക്ക് തെളിയിക്കുന്നു.

## പൂക്കളം



ജാതിമതഭേദമന്യേ,വലിപ്പച്ചെറുപ്പ വ്യത്യാസങ്ങളില്ലാതെ എല്ലാവരും ചേർന്ന് അഘോഷിക്കുന്ന ഒരേയൊരു ഉത്സവമാണ് ഓണം. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ കോട്ടയം എ.ഒ.യിൽ പൂക്കളം ഒരുക്കുന്ന സമയത്ത് സ്റ്റാഫംഗങ്ങളോടൊപ്പം.



എസ് ബി ഐ ഓഫീസേഴ്സ് അസോസിയേഷൻ കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ അലക്സ് മണ്ണൂരാൻപറമ്പിൽ, എസ് ബി ഐ സ്റ്റാഫ് യൂണിയൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ വിനോദ്, എന്നിവരുടെ കൂടെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ




ചിങ്ങം ഒന്ന്.... കർക്കിടകത്തിന്റെ കാർമേഘങ്ങൾ മാറി ചിങ്ങത്തിന്റെ പൊൻപുലരി. മലയാളത്തിന്റെ ആണ്ടുപിറപ്പ് . അന്നമൂട്ടുന്ന കർഷകരെ ആദരിക്കുന്ന ദിനമായി കേരളം ആചരിക്കുന്നു.....

# ഓണത്തിന്റെ വരവറിയിച്ച് ഓണപ്പൊട്ടൻ



'ഓണപ്പൊട്ടൻ' ഇങ്ങെത്തി; ഓണം ദാ തൊട്ടു പിന്നാലെയുണ്ടേ...

## ഓണപ്പൊട്ടൻ

വടക്കൻ കേരളത്തിന്റെ ഓണക്കാഴ്ചകളുടെയൊപ്പം ഒഴിവാക്കാനാകാത്ത ഒരു കാഴ്ചയാണ് ഓണപ്പൊട്ടൻ. കടത്തനാട്ടെ പ്രജകളുടെ ക്ഷേമം അന്വേഷിക്കാൻ ഓണക്കാലത്ത് എത്താറുള്ള മഹാബലിയാണ് ഓണപ്പൊട്ടനെന്നാണ് വിശ്വാസം. ഓണത്തെയ്യത്തിൽത്തന്നെ സംസാരിക്കാത്ത തെയ്യമാണ് ഓണപ്പൊട്ടൻ. വായ് തുറക്കാതെ തന്നെ തെയ്യച്ചുവട് വെക്കുന്നതിനാലാണ് ഓണപ്പൊട്ടൻ എന്നറിയപ്പെടുന്നത്. ഓണേശ്വരൻ എന്ന പേരിലും ഓണപ്പൊട്ടൻ അറിയപ്പെടുന്നു. കോഴിക്കോട് കണ്ണൂർ ജില്ലകളിലെ ഉൾപ്രദേശങ്ങളിലാണ് ഇത് കൂടുതലായും കണ്ടുവരുന്നത്. മണി കിലുക്കിക്കൊണ്ട് ഓണത്തിന്റെ വരവറിയിച്ചാണ് ഓണപ്പൊട്ടനെത്തുന്നത്.



തൃശ്ശൂരിലെ ഓണാഘോഷങ്ങളുടെ അവിഭാജ്യ ഘടകമായ പുലികളി ഇത്തവണ ചടങ്ങിനായി മാത്രം...

# സ്വാതന്ത്ര്യദിനം



ദില്ലിയിലെ ചെങ്കോട്ടയിൽ സ്വാതന്ത്ര്യദിനത്തിൽ ഉയർത്തിയ ദേശീയ പതാക

ബ്രിട്ടീഷ് ഭരണം അവസാനിപ്പിച്ച് ഇന്ത്യ സ്വാതന്ത്ര്യം നേടിയതിന്റെയും, 1947-ൽ ഇന്ത്യ ഒരു സ്വതന്ത്ര രാജ്യമായതിന്റെയും ഓർമ്മക്കായി എല്ലാ വർഷവും ഓഗസ്റ്റ് 15-ന് ഇന്ത്യയിൽ സ്വാതന്ത്ര്യ ദിനമായി ആചരിക്കുന്നു. ഈ ദിവസം രാജ്യത്ത് ദേശീയ അവധി ആണ്. രാജ്യത്തുടനീളം അന്നേ ദിവസം ഇന്ത്യയുടെ ദേശീയപതാക ഉയർത്തുന്നു. അന്നേ ദിവസം ന്യൂഡൽഹിയിലെ ചെങ്കോട്ടയിൽ ഇന്ത്യൻ പ്രധാന മന്ത്രി ദേശീയ പതാക ഉയർത്തുകയും തുടർന്ന് രാജ്യത്തെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. തന്റെ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ രാജ്യം കഴിഞ്ഞവർഷം നേടിയ അംഗീകാരങ്ങളും, രാജ്യം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങളും ഈ പ്രസംഗത്തിൽ പ്രധാനമന്ത്രി നിർദ്ദേശിക്കുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായുള്ള യാത്രയിൽ അന്തരിച്ചവർക്ക് ആദരാഞ്ജലികളും അന്നേ ദിവസം പ്രധാനമന്ത്രി അർപ്പിക്കുന്നു. സ്വാതന്ത്ര്യദിന പരിപാടികൾ ഔദ്യോഗികമായി പ്രക്ഷേപണം ചെയ്യുന്നത് ദൂരദർശനാണ്. സാധാരണയായി ഉസ്താദ് ബിസ്മില്ല ഖാന്റെ ഷെഹനായി സംഗീതത്തിൽ നിന്നാണ് തത്സമയ പരിപാടികൾ ആരംഭിക്കുന്നത്. പതാക ഉയർത്തൽ ചടങ്ങുകൾ, പരേഡുകൾ, സാംസ്കാരിക പരിപാടികൾ തുടങ്ങി ഇന്ത്യയിലുടനീളം സ്വാതന്ത്ര്യദിനം ആചരിക്കുന്നു.



ന്യൂഡൽഹിയിലെ ചെങ്കോട്ടയിൽ ഇന്ത്യൻ പ്രധാന മന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തുകയും തുടർന്ന് രാജ്യത്തെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു




## എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷന്റെ

## ഇൻകം ടാക്സ് ഹെൽപ് ഡെസ്ക്

ആദായനികുതി സംബന്ധമായ സംശയങ്ങൾക്ക് , നികുതി റിട്ടേൺ സമർപ്പിക്കുന്നതിന് കോട്ടയത്ത് നമ്മുടെ മെമ്പർമാരായ ശ്രീ പുന്നൂസ് .എസ്



ശ്രീ.പുന്നൂസ്.എസ്.
Mob No 9447364228

പാലായിൽ



ശ്രീ വികെ പ്രഭാകരൻ
Mob 94473 56444
ഇവരുടെ സൗജന്യ സേവനം ലഭ്യമാണ്
കൂടാതെ
ഇൻകം ടാക്സ് വിദഗ്ദ്ധൻ
ശ്രീ അശോക് കുമാർ, കോഴ
ഓഫീസ് കണക്കാരിയൽ
MOB NOS /94464 76062/
94962 15100
( പ്രവർത്തകർക്ക് ഫീസ് ഇളവ് നല്കും )

# പെൻഷൻ ഹെൽപ് ഡെസ്ക്

എനിക്ക് കിട്ടുന്ന പെൻഷൻ ശരിയാണോ ?

1) അവസാനം ലഭിച്ച സാലറി സ്ലിപ്പ്
2).പെൻഷൻ പേയ്മെന്റ് ഓർഡർ, പെൻഷൻ കണക്കാക്കിയ ഗണന ഷീറ്റ് ഉൾപ്പെടെ ഉള്ള രേഖകളുടെ കോപ്പികൾ ഓർഡിനറി പോസ്റ്റിൽ താഴെ കൊടുത്തിരിക്കുന്ന അഡ്രസ്സിൽ അയക്കുക. അവ കിട്ടി കഴിഞ്ഞാൽ കിട്ടിയ വിവരം അറിയിക്കുകയും ചെയ്യും ,പരിശോധിച്ചശേഷം വാട്ട്സാപ്പ് വഴിയോ ഫോണിലൂടെയോ വിവരം അറിയിക്കും .
മൊബൈൽ / വാട്ട്സാപ്പ് നമ്പർ കാണിച്ചിരിക്കണം
അയക്കേണ്ട മേൽവിലാസം
To
Sri Ramanarayanan N P,
Aathira,
Near Vivek Nagar Colony,
PALLIKUNNU P.O.,
KANNUR - 670004.
(Mob. 8301051292)

Ps: റിട്ട.അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. എൻ.പി. രാമനാരായണൻ, എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ ജില്ലാ മുൻ പ്രസിഡന്റാണ്. അദ്ദേഹത്തിന്റെ സഹായത്താൽ പലർക്കും പ്രശ്നങ്ങൾ പരിഹരിച്ച് അർഹതയുള്ള ശരിയായ പെൻഷൻ തുക കിട്ടിയിട്ടുണ്ട് .

എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ

# കോട്ടയം ജില്ലാ ഭരണ സമിതി യോഗം ഗൂഗിൾ മീറ്റിൽ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് ഭരണ സമിതി യോഗം 2021 ഓഗസ്റ്റ് മാസം 13–ാം തിയതി വെള്ളയിാഴ്ച രാവിലെ 11 മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ്, ഡി.ജി.എസ്, എന്നിവരുൾപ്പടെ 14 അംഗങ്ങൾ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് ശ്രീ. എം.ജി.രാഘവൻ, അദ്ധ്യക്ഷത വഹിച്ചു.

ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം വൈസ് പ്രസിഡന്റ് ശ്രീ.കെ.എൻ.വിശ്വനാഥൻ നായർ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. കഴിഞ്ഞ യോഗത്തിന് ശേഷം നമ്മുടെ സംഘടനയിൽ അംഗങ്ങളായവരുടെ കടുംബാംഗങ്ങളുടേയും ബന്ധുക്കളുടേയും ദേഹവിയോഗത്തിൽ യോഗം ദു:ഖം രേഖപ്പെടുത്തുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥനയോടെ മൗനമാചരിക്കയും ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ബി. സി. ഉണ്ണികൃഷ്ണൻ നായർ യോഗത്തിൽ പങ്കെടുത്ത് പ്രവർത്തനങ്ങൾ വിലയിരുത്തി സംസാരിച്ചു.

ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ മുഖ്യ പ്രഭാഷണം നടത്തി. വിവിധ വിഷയങ്ങളിൽ അംഗങ്ങൾ ഉന്നയിച്ച സംശയങ്ങൾക്ക് മറുപടി നല്കി. അംഗങ്ങളുടെ വിവിധ പ്രശ്നങ്ങളിലിടപെട്ട് പരി ഹാരങ്ങൾ നിർദ്ദേശിച്ചു.
കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് ശ്രീ.പി.എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി, യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ശ്രീ.പി.എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി

ഏപ്രിൽ 30 വരെയുള്ള മാസ്സാന്ത്യ കണക്കുകൾ ശ്രീ.തോമസ് ഫിലിപ്പ്, ജില്ലാ ട്രഷറാർ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ജില്ലാ ട്രഷറർ ശ്രീ.തോമസ് ഫിലിപ്പ്

തുടർന്ന് പാലാ യൂണിറ്റിന് വേണ്ടി ഏരിയാക്കമ്മറ്റി കൺവീനർ ശ്രീ.ജോസഫ് ജോൺ, വൈക്കം യൂണിറ്റിന് വേണ്ടി ഏരിയക്കമ്മറ്റി കൺവീനർ ശ്രീ.പി.പി. ഫിലിപ്പും ജോ.കൺവീനർ ശ്രീ.ഡി.കെ. രാജഗോപാലും, ഏറ്റുമാനൂർ യൂണിറ്റിനു വേണ്ടി ഏരിയക്കമ്മറ്റി കൺവീനർ ശ്രീ. സി.പി.മാത്യു എക്സിക്യൂട്ടിവ് കമ്മറ്റി അംഗം ശ്രീ. എം.പി. പുഷ്ക്കരൻ എന്നിവരും, കൺവീനർ കെ.എൻ. വിശ്വനാഥൻ നായർ, ത്രേസ്സ്യാമ്മ ആന്റണി എന്നിവർ കോട്ടയം-1, കോട്ടയം-2, യൂണിറ്റികൾക്കു വേണ്ടിയും, ജോയിന്റ് കൺവീനർ ശ്രീ.പി. ഉണ്ണിക്കുഞ്ഞ്, ചങ്ങനാശ്ശേരി യൂണിറ്റിനു വേണ്ടിയും, കൺവീനർ ജോർജ്ജ്, ജോയിന്റ് കൺവീനർ ശ്രീ.പാപ്പച്ചൻ എന്നിവർ കാഞ്ഞിരപ്പള്ളി യൂണിറ്റിനു വേണ്ടിയും ഏരിയ കമ്മറ്റികളുടെ അവലോകനത്തിൽ പങ്കെടുത്ത് സംസാരിച്ചു.



ജോയിന്റ് സെക്രട്ടറി ശ്രീ. എം.പി.പുഷ്ക്കരൻ

ജോയിന്റ് സെക്രട്ടറി ശ്രീ. എം.പി.പുഷ്ക്കരൻ നന്ദി പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 12 മണിയോടെ അവസാനിച്ചു.

# ഇ-റുപ്പി സമാരംഭിച്ച് പ്രധാനമന്ത്രി മോദി

ഇലക്ട്രോണിക് വൗച്ചർ അടിസ്ഥാനമാക്കിയുള്ള പുതിയ ഡിജിറ്റൽ പേമെന്റ് സംവിധാനം " ഇ - റുപ്പി " പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിനു സമർ പ്പിച്ചു . രാജ്യത്തെ ഡിജിറ്റൽ പേമെന്റ് ശൃംഖലയ്ക്ക് പുതിയ മുഖം നൽകുന്നതാണ് ഇതെന്ന് അദ്ദേഹം പറഞ്ഞു. പണരഹിതവും സമ്പർക്ക രഹിതവുമായ ഈ സംവിധാനത്തിൽ ക്യൂ.ആർ. കോഡ് അല്ലെങ്കിൽ എസ്.എം.എസ്. സ്ട്രിങ്ങ് രൂപത്തിൽ പ്രീ പെയ്ഡ് ഇ - വൗച്ചർ ഉപഭോക്താവിന്റെ മൊബൈൽ ഫോണിലേക്ക് നേരിട്ടു കൈമാറുകയാണ് ചെയ്യുക. പ്രത്യേക ഉദ്ദേശ്യം മുൻനിർത്തി അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ഒട്ടും ചോർന്നു പോകാതെ നേരിട്ട് എത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.



പുതിയ ഡിജിറ്റൽ പേമെന്റ് സംവിധാനം " ഇ-റുപ്പി " പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിനു സമർപ്പിക്കുന്നു

സേവനങ്ങളുടെ സ്പോൺസർമാരെ ഗുണഭോക്താക്കളുമായും സേവനദാതാക്കളുമായും ഡിജിറ്റൽ രീതിയിൽ നേരിട്ടു ബന്ധിപ്പിക്കുന്നതാണ് സംവിധാനം. ബന്ധപ്പെട്ട സേവനകേന്ദ്രത്തിൽ പണത്തിനുപകരം ഇ - റുപ്പി വൗച്ചർ നൽകിയാൽ മതിയാകും. ക്രെഡിറ്റ് , ഡെബിറ്റ് കാർഡുകളോ മൊബൈൽ ആപ്പോ ഇന്റർനെറ്റ് ബാങ്കിങ്ങോ ഇല്ലാതെ ഇതുസ്വീകരിക്കുന്ന കേന്ദ്രങ്ങളിൽ ഇ-റുപ്പി നേരത്തേ പണമടച്ച വൗച്ചർ മാറ്റിയെടുക്കാം.

സർക്കാരിനുമാത്രമല്ല, കോർപ്പറേറ്റുകൾക്കോ പൊതു സ്ഥാപനത്തിനോ, സംഘടനകൾക്കോ ചികിത്സയ്ക്കും വിദ്യാഭ്യാസ ആവശ്യങ്ങൾക്കും മറ്റുമായി ആർക്കെങ്കിലും സഹായം നൽകുന്നതിന് പണത്തിനു പകരമായി ഇ - റുപ്പി ഉപയോഗിക്കാം . സ്ഥാപനങ്ങൾക്ക് ജീവനക്കാരുടെ ക്ഷേമത്തിനും സി.എസ്.ആർ. പരിപാടികൾക്കും ഇത് പ്രയോജനപ്പെടുത്താം .

## എന്താണ് ഇ-റുപ്പി?




നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (NPCI), ഫിനാൻഷ്യൽ സർവീസസ് ഡിപ്പാർട്ട്മെന്റ (DFS), നാഷണൽ ഹെൽത്ത് അതോറിറ്റി (NHA), ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം (MOHFW), പങ്കാളി ബാങ്കുകൾ എന്നിവയുമായി ചേർന്ന് ആരംഭിച്ച ഒരു നൂതന ഡിജിറ്റൽ സൊല്യൂഷൻ ആണ് ഇ-റുപ്പി. (e –RUPI). ഇ-റുപ്പി. സ്വീകരിക്കുന്ന വ്യാപാരികളിൽ, കാർഡ്, ഡിജിറ്റൽ പേയ്മെന്റ് ആപ്പ് അല്ലെങ്കിൽ ഇന്റർനെറ്റ്

ബാങ്കിംഗ് ആക്സസ് ഇല്ലാതെ വൗച്ചർ റിഡീം ചെയ്യാൻ തടസ്സമില്ലാത്ത വൺടൈം പേയ്മെന്റ് സംവിധാനത്തിന്റെ ഉപയോക്താക്കൾക്ക് കഴിയും. ഇ--റുപ്പി ഗുണഭോക്താക്കളുമായി ഓർഗനൈസേഷനുകളോ സർക്കാരുകളോ എസ്എംഎസ് അല്ലെങ്കിൽ ക്യൂആർ കോഡ് മുഖേന ഗുണഭോക്താക്കളുമായി പങ്കുവയ്ക്കും. ഈ വൗച്ചറിലൂടെയുള്ള മുഴുവൻ ഇടപാട് പ്രക്രിയയും താരതമ്യേന വേഗമേറിയതും അതേസമയം ആവശ്യമായ തുക ഇതിനകം തന്നെ വൗച്ചറിൽ സൂക്ഷിച്ചിരിക്കുന്നതുമാണ്.

# ലോകത്തിലെ ഏറ്റവും സമ്പന്നമായ മദാപ്പർ ഗ്രാമം ഇന്ത്യയിൽ; ഈ ഗ്രാമത്തെ അറിയാം

ലോകത്തിലെ ഏറ്റവും സമ്പന്നമായ ഗ്രാമം ഇന്ത്യയിൽ! ഈ ഗ്രാമത്തിൽ മാത്രം പ്രവർത്തിക്കുന്നത് 17 ബാങ്കുകൾ! ഗ്രാമത്തിൽ ജീവിക്കുന്നവരുടെ നിക്ഷേപം മാത്രം 5,000 കോടി രൂപവരും. 7,600 വീടുകളാണ് ഇവിടെയുള്ളത്. ഗുജറാത്ത് സംസ്ഥാനത്തെ കച്ച് ജില്ലയിലാണ് ഈ ഗ്രാമം. ഗ്രാമത്തിന്റെ പേര് മദാപ്പർ. തൊണ്ണൂറ്റി രണ്ടായിരത്തിലധികം ജനസംഖ്യയുള്ള മാധാപർ പട്ടണം, കച്ച് (ഗുജറാത്ത് പ്രവിശ്യയിലെ പ്രധാന പട്ടണമായ ഭുജിൽ നിന്ന് ഏകദേശം 3 കിലോമീറ്റർ അകലെയാണ്, ഓരോ വ്യക്തിക്കും ശരാശരി ജിഡിപി $132,000. അടുത്ത കാലത്തായി, പുതിയ തടാകങ്ങൾ, ചെക്ക് ഡാമുകൾ, വർഷം മുഴുവനും ശുദ്ധജലം നൽകുന്ന ആഴത്തിലുള്ള കുഴൽ കിണറുകൾ എന്നിവയാൽ നഗരം ഹരിതാഭമായി. ഈ ഗ്രാമത്തിലെ ഒരാളുടെ ശരാശരി ബാങ്ക് നിക്ഷേപം 15 ലക്ഷം രൂപയാണ്. ബാങ്കുകൾക്ക് പുറമേ സ്കൂളുകളും, കോളേജുകളും, ഡാമുകളും, ആശുപത്രികളും പുതിയ ആരോഗ്യ കേന്ദ്രങ്ങൾ, പാർക്കുകൾ, ക്ഷേത്രങ്ങൾ എല്ലാം ഉൾപ്പെടുന്നതാണ് ഈ ഗ്രാമം.



**മദാപ്പർ ഗ്രാമ കവാടം**

ഇവിടുത്തെ ഭൂരിപക്ഷം വീടുകളിലേയും ഒരാളെങ്കിലും വിദേശത്ത് ജോലി ചെയ്യുന്നു എന്നതാണ് ഈ വരുമാനത്തിന്റെ പ്രധാന കാരണം. യു.കെ, യു.എസ്.എ, ആഫ്രിക്ക, ഗൾഫ് തുടങ്ങിയ ഇടങ്ങളിലുമാണ് ഇവരിൽ കൂടുതലും. ഈ ഗ്രാമത്തിലെ 65 ശതമാനം പേർ എൻ.ആർ.ഐ.കളാണ്. അവർ അവരുടെ കുടുംബക്കാർക്കും, ബന്ധുക്കള്ക്കും പണം അയക്കുന്നുണ്ട്. അതിനൊപ്പം വിദേശത്തെ ജോലി മതിയാക്കി ഇവിടെ വന്ന് സംരംഭം തുടങ്ങിയവരും ഏറെയുണ്ട്.



1968ൽ മദാപ്പർ വില്ലേജ് അസോസിയേഷൻ ലണ്ടനിൽ ആരംഭിച്ചത് വിദേശത്തെ ഈ ഗ്രാമത്തിന്റെ സ്വാധീനം വ്യക്തമാക്കുന്നതാണ്. ഇതേ അസോസിയേഷന്റെ ഒരു ഘടകം ഗ്രാമത്തിലും പ്രവർത്തിക്കുന്നുണ്ട്. അതിനാൽ തന്നെ വിദേശത്തുള്ളവരുമായി ഗ്രാമത്തിന്റെ വേര് അറുത്ത് മാറ്റപ്പെടാതെ സാമ്പത്തിക, സാമൂഹിക സഹകരണം ഈ ഗ്രാമം ഉറപ്പാക്കുന്നു. പൂർണ്ണമായും വിദേശത്ത് കുടിയേറിയവർ പോലും തങ്ങളുടെ ഗ്രാമത്തിലെ വേരുകൾ മറക്കുന്നില്ല. നാട്ടിലെ ബന്ധുക്കൾ വഴി ഗ്രാമത്തിലെ ബാങ്കുകളിൽ ഇവർ നിക്ഷേപം നടത്തുന്നു. കൃഷിയാണ് ഗ്രാമത്തിലെ പ്രധാന തൊഴിൽ, ഇതിൽ നിന്ന് ലഭിക്കുന്ന ഉത്പന്നങ്ങൾ ഇവർ മുംബൈയിലേക്ക് കയറ്റി അയക്കുന്നു.



# രാജ്യത്തെ സഹകരണബാങ്കുകളെ ഒരു കുടക്കീഴിൽ കൊണ്ടു വരാൻ കേന്ദ്ര സർക്കാർ

രാജ്യത്തെ സഹകരണബാങ്കുകളെ ഒരു കുടക്കീഴിൽ കൊണ്ടു വരാൻ കേന്ദ്ര സർക്കാർ നടപടി തുടങ്ങി . ഇതിൻെറ ഭാഗമായി ദേശീയതലത്തിൽ ' അപ്പെക്സ് ബോഡി രൂപവത്കരിച്ചു "അപ്പെക്സ് കോ - ഓപ്പ് ഫിനാൻസ് ആൻഡ് ഡെവലപ്മെന്റ് കമ്പനി ലിമിഡ് " എന്നപേരിൽ കമ്പനിയായാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നബാർഡ് ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികളുടെ സാമ്പത്തിക സഹായം ഇതുവഴിയാക്കാനാണ് ആലോചന. ഫലത്തിൽ നിലവിൽ കേരളബാങ്ക് വഴി കാർഷിക വായ്പയ്ക്കായി ലഭിക്കുന്ന റി - ഫിനാൻസ് ഉൾപ്പെടെ, ഇതിലേക്കു മാറും. കമ്പനി സഹകരണബാങ്കുകളുടെ ' അപ്പെക്സ് ബാങ്ക് " ആയി മാറും. അർബൻ ബാങ്കുകൾ സംസ്ഥാന നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സഹകരണബാങ്കുകൾ , വായ്പാ സഹകര ണസംഘങ്ങൾ, കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ ബാങ്കുകൾ എന്നിവയാണ് അപ്പെക്സ് കോ-ഓപ്പ് ഫിനാൻസ് കമ്പനിയുടെ ഭാഗമാകുന്നത്. എന്നാൽ, തുടക്കത്തിൽ അർബൻ ബാങ്കുകളുടെ അംബ്രല്ല ഓർഗനൈസേഷനായി ഇതിനെ മാറ്റാനാണു തീരുമാനം. സഹകരണ ബാങ്കുകൾക്ക് സാമ്പത്തികസഹായവും സാമ്പത്തികേതര സൗകര്യവും ഉറപ്പു വരുത്തുകയാണു ലക്ഷ്യം.

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

# വളർച്ചാ അനുമാനം 9.5 ശതമാനത്തിൽ നിലനിർത്തി ആർ ബി ഐ

വിലക്കയറ്റ ഭീഷണി നിലനിൽക്കുന്നുണ്ടെങ്കിലും അടിസ്ഥാന നിരക്കുകളും മൊത്തം ആഭ്യന്തര ഉത്പാദന വളർച്ചാ ( ജി . ഡി.പി. ) അനുമാനവും മാറ്റമില്ലാതെ നിലനിർ ത്തി റിസർവ് ബാങ്കിന്റെ പണവായ്പാ നയം. റിസർവ് ബാങ്ക് ബാങ്കുകൾക്ക് നൽകുന്ന വായ്പയുടെ പലിശയായ റിപ്പോ നാല് ശതമാനത്തിലും ബാങ്കുകളിലെ അധിക പണം റിസർവ് ബാങ്കിൽ നിക്ഷേപിക്കുമ്പോൾ നൽകുന്ന പലിശയായ റിവേഴ്സ് റിപ്പോ 3.35 ശതമാനത്തിലും തുടരും. സുസ്ഥിര വളർച്ചയിലേക്ക് രാജ്യം കടക്കുന്നതുവരെ ' ഉൾക്കൊള്ളാവുന്നത് ' എന്ന നിലപാട് തുടരാനും സമിതി തീരുമാനിച്ചു . തുടർച്ചയായ ഏഴാം തവണയാണ് നിരക്കുകൾ മാറ്റമില്ലാതെ നിലനിർത്തുന്നത്. കോവിഡ് രണ്ടാം തരംഗത്തിൽ നിന്ന് രാജ്യം ഘട്ടംഘട്ടമായി വിമുക്തമാകുന്ന സാഹചര്യത്തിൽ സമ്പദ്ഘടനയിലെ ഉണർവിന് ശക്തിപകരുകയെന്ന കാഴ്ചപ്പാട് മുൻനിർത്തിയാണ് നിരക്കുകൾ നിലനിർത്തുനതെന്ന് ആർ.ബി.ഐ. ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു 2019 ഫെബ്രുവരി മുതൽ റിപ്പോ നിരക്കിൽ 2.5 ശതമാനത്തിന്റെ കുറവാണ് വരുത്തിയത്. ഇതുവഴി ബാങ്കുകളുടെ പുതിയ വായ്പകളിൽ 2.17 ശതമാനത്തിന്റെ പലിശയിളവു വന്നു .

# കുടുംബ പെൻഷൻ പരിധി ഉയർത്തി

രാജ്യത്തെ പൊതു മേഖലാ ബാങ്ക് ജീവനക്കാരുടെ കുടുംബ പെൻഷൻ നിലവിൽ 9,284 രൂപ മാസ പരിധി നിശ്ചയിച്ച്

15%-20%-30% നിരക്കിൽ നല്കുന്ന കുടുംബ പെൻഷൻ എല്ലാവർക്കും അവസാന ശമ്പളത്തിന്റെ 30 ശതമാനമായി കേന്ദ്രസർക്കാർ ഉയർത്തി . പൊതുമേഖലാ ബാങ്കുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിനും സംശുദ്ധ സ്മാർട്ട് ബാങ്കിങ് ലക്ഷ്യമിട്ടുമുള്ള ഭേദഗതികളടങ്ങിയ 'ഈസ് 4.0 ' ( എൻഹാൻസ്ഡ് ആക്സസ് ആൻഡ് സർവിസ് എക്സലൻസ്) നയം മുംബൈയിൽ പുറത്തിറക്കിക്കൊണ്ടാണ് ധനമന്ത്രി ഇതു പ്രഖ്യാപിച്ചത്



ധനമന്ത്രി നിർമ്മല സീതാരാമൻ

ഇതോടൊപ്പം ബാങ്ക് ജീവനക്കാരുടെ ദേശീയ പെൻഷൻ പദ്ധതി (എൻ.പി.എസ്.) യിലേക്കുള്ള ബാങ്കുകളുടെ വിഹിതം പത്തുശതമാനത്തിൽനിന്ന് 14 ശതമാനമായി ഉയർത്തുകയും ചെയ്തു. ബാങ്ക് പെൻഷൻ സംഘടനകളുടെ ഏകോപന സമിതി ഇതിനായി ദീർഘ നാളുകളായി പ്രക്ഷോഭം നടത്തി വരികയായിരുന്നു.



ഫാമിലി പെൻഷനടക്കമുള്ള ആവശ്യങ്ങൾ ഉന്നയിച്ച് എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷന്റെ ധർണ്ണ. ന്യൂഡെൽഹിയിലെ പെൻഷനേഴ്സ് ധർണയിൽ അണി ചേർന്നവർ (ഫയൽ ഫോട്ടോ)




കവിത

# ചിരിതൻ ചിലമ്പൊലി



## ജോസ് അഴകത്ത്

ചിരിക്കാൻ കഴിയുന്ന ജീവി
അത് മനുഷ്യൻ മാത്രം!
ചിരിക്കാൻ മടിക്കുന്ന ജീവി
അതും മനുഷ്യൻ മാത്രം!!

ചിരിയുടെ ലോകം അതിസുന്ദരം
അന്യമാകുന്നവിടെ ചിന്തതൻ ഭാരം
നർമ്മത്തിൻ ചുരുളിൽ പൊതിഞ്ഞേകിയാൽ
ലളിതമായീടും കഠിനമാം കാര്യവും

ഒരു നറുചിരിയാൽ നവ സൗഹൃദം നേടിടാം
അതിലാകർഷിച്ചെത്തുന്നിതന്യർ പോലും
മുതൽ മുടക്കില്ലാത്ത നിക്ഷേപമാം ചിരി
നീറുന്ന ചിന്തകൾക്കൗഷധമായിടും

ചിരിതൻ തലങ്ങൾ വ്യത്യസ്തമെങ്കിലും
അതു പ്രകാരം കുളിർമ്മ ലഭിക്കുമേ
പ്രണയബന്ധത്തിൻ തുടക്കം ചിരിയിലാം
ചിരിയിലാണേതു ബന്ധത്തിൻ തിളക്കവും

കാര്യം കാണാൻ ചിലർ ചിരിച്ചീടുന്നു
സ്നേഹം നടിച്ചും ചിരിക്കുന്നിതു ചിലർ
ആരും കൊതിക്കുന്നിതന്യന്റെ പുഞ്ചിരി
എങ്കിലും മടിയ്ക്കുന്നു പകർന്നതു നൽകുവാൻ

മർത്യാ പ്രിയം കലർന്നേകൂ നിൻ പുഞ്ചിരി
നിർമ്മല സ്നേഹം പടരട്ടെ മേല്ക്കു മേൽ
ആകുല ചിന്തകൾ അലട്ടുന്ന ലോകത്തിൽ
ആശ്വാസമേകട്ടെ ചിരിതൻ ചിലമ്പൊലി!

# ഓണക്കാല വ്യതിരിക്ത ചിന്തകൾ



## ഡോ.കെ.ആർ.എസ്.നായർ

അധർമ്മചാരിയായ ഹിരണ്യകശിപുവിൽ നിന്നു മകനായ പ്രഹ്ലാദനെ രക്ഷിക്കാൻ മഹാവിഷ്ണു നരസിംഹമായി വന്ന് അസുരാധിപനെ വധിച്ചു. അതേ പ്രഹ്ലാദന്റെ കൊച്ചു മകനായ ബലി മുത്തച്ഛന്റെ ശിക്ഷണമനുസരിച്ച് ധർമ്മിഷ്ഠനും നീതിമാനുമായി രാജ്യം വാണെങ്കിലും വെട്ടിപ്പിടിക്കാനുള്ള കാമവും ദുരയും മൂത്തപ്പോൾ, അതേ വിഷ്ണു വാമനനായി വന്ന് പാതാളത്തിലേയ്ക്കു പറഞ്ഞയച്ചു.

ഗുണപാഠം: എത്ര മേൽ ധർമ്മചാരിയായാലും കർമ്മം ഒരിക്കൽ പിഴച്ചാൽ, ഫലം അനുഭവിക്കാതെ വയ്യ.

പാലാഴി മഥന സമയത്ത് ബലി കൊല്ലപ്പെട്ടു. മൃതദേഹവുമായി മുമ്പിലെത്തിയ അനുചരവൃന്ദത്തിന്റെ അപേക്ഷ പ്രകാരം തന്റെ ദിവ്യശക്തിയാൽ ശുക്രാചാര്യർ ബലിയെ പുനർജീവിപ്പിച്ചു. അതേ ഗുരുവിന്റെ വാക്കു ലംഘിച്ച് വാമനന് ഭൂദാനത്തിനു മുതിർന്ന ബലി ഗുരുശാപത്തിനിരയായി. ഫലം: ചരിത്രം സാക്ഷി. ചക്രവർത്തിയായി മുപ്പാരും വാണ മന്നന് ഗർദ്ദഭയോനിയിൽ കഴുതയായി പിറക്കാനും സംഗതിയായി.

ഗുണപാഠം: മനോവാഗ്കർമ്മങ്ങൾ പിഴയ്ക്കുകയും ഗുരുവാക്കു തെറ്റിക്കുകയും ചെയ്താൽ നേരത്തെ സമ്പാദിച്ച പുണ്യമൊന്നും രക്ഷയ്ക്കുതകില്ല

ഓണസന്ദേശങ്ങളിൽ സാധാരണ പറഞ്ഞു കേൾക്കാത്ത ഈ സനാതനസത്യങ്ങൾ, കർമ്മ സ്വാധീനം വിസ്തരിക്കുന്ന പുതിയ പുസ്തകത്തിനുവേണ്ടി നടത്തിയ എന്റെ ഗവേഷണങ്ങൾക്കിടയിൽ പൂർവ്വാപരബന്ധചിന്തകളിൽ നിന്ന് ഉളവായവയാണ്.

# ഓണാഘോഷം. ആസ്ട്രേലിയയിൽ



കെ.എൻ. വിശ്വനാഥൻ നായർ,
കോട്ടയം ജില്ലാ വൈസ് പ്രസിഡന്റ്

ആസ്ട്രേലിയയിൽ എത്തിയശേഷം ഈ വർഷം രണ്ടാമത്തെ ഓണമാണ്. കഴിഞ്ഞവർഷവും കോവിഡ് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു എങ്കിലും ഈ വർഷം ലോക്ഡൗൺ ആയിരുന്നു എന്ന വ്യത്യാസം മാത്രം. അവശ്യസാധനങ്ങൾ ഡോർ ഡെലിവറി ഉള്ളതുകൊണ്ട് ബുദ്ധിമുട്ട് ഉണ്ടായില്ല.

ഓണക്കാലം ഇവിടെ വസന്തകാലമാണ്. ശിശിരകാലം കഴിഞ്ഞ് ഇലകളും പൂക്കളും ചെടികളിൽ പൊട്ടിമുളയ്ക്കുന്നതേയുള്ളൂ.



വസന്ത കാലത്തിന്റെ തുടക്കം

ശരത്കാലത്തിനും വസന്തകാലത്തിനുമിടക്കു വരുന്ന ശൈത്യകാലമായ ശിശിരകാലത്തിന്റെ തുടക്കത്തിൽ തന്നെ ചെടികൾ ഇലപൊഴിക്കുന്നു. അതിനുമുമ്പായി ഇലകൾ പല ആകർഷക നിറങ്ങൾ സ്വീകരിക്കുന്ന കാഴ്ച നയനാനന്ദകരമാണ്. വഴിയുടെ വശങ്ങളിലുള്ള മരങ്ങൾ പൂന്തോട്ടം പോലെ വർണാഭമാണ്.. ഇലകൾ കൊഴിഞ്ഞാൽ കരിഞ്ഞുപോയോ എന്ന്സംശയിക്കുന്നതുപോലെ ചുള്ളിക്കമ്പുകൾമാത്രം.



ഇല പൊഴിയും കാലം . ഇലകൾ കൊഴിഞ്ഞ മരങ്ങൾ.

ഹേമന്തത്തിന്റെ തുടക്കത്തിൽ ചിലചെടികളുടെ കമ്പിൽ പൂക്കളും, ചിലചെടികളിൽ ഇലയും കായകളും ഉണ്ടാകുന്നു. യൂറോപ്യൻ രാജ്യങ്ങൾ, അമേരിക്ക, യു.കെ. തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുള്ളവർക്ക് ഈ പ്രതിഭാസം അനുഭവയോഗ്യം ആയിരിക്കും

.കഴിഞ്ഞവർഷം പൂക്കൾ അടുത്ത വീടുകളിൽ നിന്നും വഴിയരികിൽ നിന്നുമൊക്കെ ശേഖരിച്ചാണ് പൂക്കളം ഒരിക്കിയതെങ്കിൽ ഇത്തവണ നാട്ടിലെ പോലെ വാങ്ങുകയാണ് ചെയ്തത്. ജമന്തിയും, ബന്തിയും, സീനിയയും, റോസും എല്ലാം ലഭിക്കും.



പൂക്കളം

സദ്യക്കാവശ്യമായ അവിയൽ, സാമ്പാർ കഷണങ്ങൾ, ചിരകിയ തേങ്ങ, തേങ്ങ പാൽ എല്ലാം ലഭ്യം.. നാട്ടിലെ പോലെ മലയാളിയുടെ സദ്യയും ലഭ്യം. രണ്ടു മലയാളി കുടുംബത്തേക്കൂടി വിളിച്ച് ആഘോഷമാക്കാനിരിക്കെയാണ് ലോക്ക്ഡൗൺ പ്രഖ്യാപനം വന്നത്. നിയന്ത്രണങ്ങൾ കുറച്ച് കാലം കൂടി നീളുന്ന ലക്ഷണമാണ് കാണുന്നത്.

മലയാളി അസോസിയേഷനുകൾ പലസ്ഥലങ്ങളിലും സജീവമാണ്. കൊറോണ കാലഘട്ടത്തിനുമുമ്പ് ഓണാഘോഷമൊക്കെ ഉണ്ടായിരുന്നു. ഇപ്പോൾ ഒത്തുചേരലുകൾ ഇല്ല. അന്നേദിവസം വിവാഹവാർഷിക ദിനംകൂടി ആയിരുന്നതുകൊണ്ട് സദ്യയും, കേക്ക് മുറിക്കലും തുടങ്ങി മൊത്തം ആഘോഷമായിരുന്നു.

ഈ കോവിട് കാലത്ത് അയൽവക്കത്തുള്ള മൂന്നു ഇന്ത്യൻ കുടുംബങ്ങളിൽ പായസവും, കേക്കും നൽകുന്നതിനും, അവരെ ഈ ആഘോഷത്തിന്റെ ഭാഗമാക്കുന്നതിനും കഴിഞ്ഞു എന്ന ഒരു സന്തോഷം മാത്രം. കള്ളവും , ചതിയും ഇല്ലാത്ത, മാവേലി വാണീടുന്ന ആ, നല്ല കാലം വീണ്ടും വരണമെന്ന് ആഗ്രഹിച്ച് നാളുകളായി കാത്തിരുന്നവർ കോവിട് ഇല്ലാത്ത ഒരു ഓണം ഉണ്ടാകണമേ എന്ന ഒരു കാത്തിരിപ്പിലേക്കായി മാറി.

എല്ലാവർക്കും ഐശ്വര്യവും, സമൃദ്ധിയും, സന്തോഷവും, സമത്വവും, സാഹോദര്യവും, നിറഞ്ഞ ഒരു ഓണക്കാലം ആശംസിക്കുന്നു!

# ചിങ്ങം ഒന്നും പുത്തരിയൂണും



അഡ്വ. ഫിലിപ്പ് പഴേമ്പള്ളി

**കർക്കിടകമാസത്തിലെ തോരാമഴയും പഞ്ഞവും ജനമനസ്സുകളിലേല്പ്പിക്കുന്ന ചെടിപ്പും കുടഞ്ഞ് കളഞ്ഞ് പഴമുറം, കൊട്ട, ചൂല്, തുടങ്ങി പഴകിപ്പോയതെല്ലാം എറിഞ്ഞ് കളഞ്ഞ് ''ചേട്ട''യെ പുറത്താക്കി വെള്ളാരൻ കൊയ്തു വറത്തു കുത്തി പുത്തരിയൂണ് ഒരുക്കിയും ചിങ്ങപ്പുലരിയെ ഹർഷാരവങ്ങളോടെ എതിരേറ്റും ഒരു ജനത ആഘോഷിച്ചിരുന്ന കാലം. ഗൃഹാതുരത്വമുണർത്തുന്ന ആ ഓർമ്മകളിലേയ്ക്ക് ഒരെത്തിനോട്ടം!**

അങ്ങനെ ഒരു കാലം മലയാളക്കരയിൽ , തിരുവിതാംകൂറിൽ ഉണ്ടായിരുന്നു. വീടുകളിലെ അമ്മച്ചിമാർക്ക് തിട്ടമുണ്ടായിരുന്ന കാലം. അന്നു "മലയാം കണക്കാ"യിരുന്നു. ചിങ്ങം, കന്നി. ധനു. മകരം.... മക്കളുടെ ജനന കണക്കും, കാരണവന്മാരുടെ മരണ ദിനങ്ങളും അന്നവർ മലയാം കണക്കിൽ പറഞ്ഞിരുന്നു. എല്ലാ മക്കളുടെയും ജന്മദിന നാളുകളും - അത്തം, ചിത്തിര, ചോതി.... നാളുകളും അവർ പറയുമായിരുന്നു.

മൂത്ത മകന്റെ മൂത്ത മകനായി ആയില്യം നാളിൽ പിറന്ന എന്നെ " അയൽ ദ്രോഹി " എന്നു പറഞ്ഞു, വല്യമ്മച്ചി നിത്യേന ഉപദേശിക്കുമായിരുന്നു. ചിങ്ങം ഒന്നും ചിങ്ങ മാസവും അക്കാലം വലിയ ആഘോഷത്തിന്റെ നാളുകളായിരുന്നു. ഓണത്തിന് മുൻപേയുള്ള വലിയ ഊണാഘോഷമായിരുന്നു അക്കാലത്തെ "പുത്തരിയൂണ് " കര നിലങ്ങളിൽ വെള്ളാര്യൻ വിത്തു വിതച്ചു, അതു കൊയ്തുണക്കി അരിയാക്കി, ചിങ്ങമാദ്യം, പുത്തൻ മത്തങ്ങാ, പയറു, ചേന തുടങ്ങിയ എല്ലാവിധ പുതിയ പച്ചക്കറികളും കൂട്ടിയുള്ള വിഭവ സമൃദ്ധമായ സദ്യയായിരുന്നു ഈ പുത്തരി ഊണ്.

പല സവിശേഷതകളും ചിങ്ങത്തിലെ ഈ പുത്തരിയൂണിന് ഉണ്ടായിരുന്നു. പതിവുകൾക്ക് വിരുദ്ധമായി, നല്ല തൂശനില വെട്ടിയിട്ടു, അന്നത്തെ ഇഷ്ട വിഭവങ്ങളായ പപ്പടവും പായസവും കൂട്ടി, മതി വരുവോളം ചോറുണ്ണാമായിരുന്നു. പലപ്പോഴും മഴ മൂലം നെല്ല് വറത്തുണങ്ങി, ഉരലിൽ കുത്തിയുണ്ടാക്കുന്ന അരിയുടെ ചോറായിരിക്കും ഊണിനു. ആ ചോറിന്റെ രുചി ഉണ്ടിട്ടുള്ളവർക്കേ അറിയൂ. പച്ചക്കറികൾ അധികവും നടുതലകളുടെ ആദ്യ ഫലങ്ങൾ ആയിരിക്കും. പയറും ചേനയും മത്തങ്ങയുമൊക്കെ ഒരുക്കിയുണ്ടാക്കുന്നത് വീടുകളിലെ പിള്ളേർ തന്നെ ആയിരിക്കും. ഇന്നത്തെ പോലെയല്ല, ഉണ്ണാൻ അന്നു വീടു നിറയെ പിള്ളേര് കാണും. വീട്ടിൽ സ്ഥിരം വേലക്കു വരുന്ന വേലക്കാരും അവരുടെ പിള്ളാരും ഈ പുത്തരിയൂണിന് ഹാജരുണ്ടാവും. ആകെയൊരു മേളമയം! ചിങ്ങവും പുത്തരിയൂണും അന്നൊക്കെ കവികളുടെ ഇഷ്ട വിഷയങ്ങൾ ആയിരുന്നു. ഇക്കൂടെ അവയിൽ ചിലതു കൂടി ഓർക്കാൻ കഴിഞ്ഞെങ്കിൽ എത്ര നന്നായിരുന്നു.

# മദ്യാസക്തിക്ക് കാരണമായ പ്രോട്ടീൻ കണ്ടെത്തി

തലച്ചോറിലെ മദ്യാസക്തിയുടെ ഇരിപ്പിടം കണ്ടെത്തിയതായി ഇന്ത്യൻ വംശജനായ അമേരിക്കൻ ശാസ്ത്രജ്ഞൻ ജോയ് ദിപ് ദാസ്സ്, ഹൂസ്റ്റൺഫാർമസി കോളേജിലെ മെഡിസിനൽ കെമിസ്റ്റ് ആണ് ജോയ് ദിപ് ദാസ്സ്.

മദ്യവുമായി ബന്ധിപ്പിക്കുന്ന തലച്ചോറിലെ ഒരു പ്രോട്ടീൻ മദ്യപാനം ഭേദമാക്കുന്നതിനുള്ള താക്കോലായിരിക്കുമെന്ന് UH കോളേജ് ഓഫ് ഫാർമസി റിപ്പോർട്ട് ചെയ്യുന്നു സൊസൈറ്റി ഫോർ ന്യൂറോ സയൻസിന്റെ ജേണലായ ഇന്യൂറോയിലെ ഔഷധ രസതന്ത്രജ്ഞനായ ജോയ്ദീപ് ദാസന്റെ അഭിപ്രായത്തിൽ മദ്യപാനത്തോടുള്ള സഹിഷ്ണുത വികസിപ്പിക്കുന്നതിൽ എം.യു.എൻ.സി 13-1

(MUNC 13-1) എന്ന പ്രോട്ടീൻ ഒരു പ്രധാന പങ്ക് വഹിക്കുന്നു. "മദ്യത്തോടുള്ള ആസക്തി ലോകമെമ്പാടുമുള്ള ഏറ്റവും പ്രധാനപ്പെട്ട മാനസികാരോഗ്യ പ്രശ്നങ്ങളിലൊന്നാണ്. ഒരു പ്രധാന വെല്ലുവിളി എഥനോൾ, അല്ലെങ്കിൽ മദ്യം, ആസക്തിയിലേക്ക് എത്തുമ്പോൾ പെരുമാറ്റവും തലച്ചോറും എങ്ങനെ മാറുന്നുവെന്ന് മനസ്സിലാക്കുക എന്നതാണ്," ദാസ് റിപ്പോർട്ട് ചെയ്തു. സഹിഷ്ണുത വളർത്തിയെടുക്കുന്നത് ആ മാറ്റത്തിലെ ഒരു നിർണായക ഘട്ടമാണ്. "ഒരാൾക്ക് ഒരു പാനീയം സഹിഷ്ണുതയുണ്ടെങ്കിൽ, അയാൾക്ക് മറ്റൊന്ന് സഹിഷ്ണുത ഉണ്ടായിരിക്കാം, ഒരുപക്ഷേ ഇനിയും വേറൊന്നിനും ഉണ്ടായിരിക്കാം.



ജോയ് ദിപ് ദാസ്സ്

ആദ്യപെഗ് കഴിക്കുമ്പോൾ തന്നെ രണ്ടാമത്തേത് . കൊണ്ടു വാ , രണ്ടാകുമ്പോൾ മൂന്നാമത്തേത് കൊണ്ടു വാ .. എന്ന മട്ടിൽ മസ്തിഷ്കത്തിലെ നാഡീകോശങ്ങൾ അപകടകരമായ തുടർ ആവശ്യങ്ങൾ ഉന്നയിക്കുന്നതിനു പിന്നിൽ എം.യു.എൻ.സി 13-1 എന്ന പ്രോട്ടീൻ ആണെന്നാണു തിരിച്ചറിഞ്ഞത്. MUNC 13-1 ലേക്ക് മദ്യം ബന്ധിപ്പിക്കുന്നത് തടയാൻ കഴിയുമെങ്കിൽ, അത് സഹിഷ്ണുത കുറയ്ക്കുന്നതിൽ പ്രശ്നക്കാരായ മദ്യപാനികളെ സഹായിക്കും. സഹിഷ്ണുത കുറയ്ക്കാൻ കഴിയുമെങ്കിൽ നമുക്ക് ആസക്തി കുറയ്ക്കാനാകും," അമിത മദ്യപാനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായി ദാസ് പറഞ്ഞു.

ഈ പ്രോട്ടീൻന്റെ ശക്തിയാൽ മദ്യാസക്തിയെ നിയന്ത്രിച്ചു നിർത്താനുള്ള മരുന്ന് തയാറായാൽ , കോടാനുകോടി പേരെ ബാധിക്കുന്ന അമിത മദ്യാസക്തിക്കു പരിഹാരമാകുമെന്നാണു ജോയ്ദീപ് ദാസിന്റെ കണ്ടെത്തൽ ,

**UH Chemist Joydip Das: "If we can reduce tolerance, we can reduce addiction."**

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം

## ഭരണ സമിതി യോഗം

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ** 2021 ഓഗസ്റ്റ് മാസത്തിലെ ഭരണ സമിതി യോഗം 13 – ാം തീയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് ശ്രീ എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു.
താഴെ കൊടുത്തിരിക്കുന്ന ബോർഡ് മെംബേഴ്സ് പങ്കെടുത്തു.

1. **ശ്രീ.പി.എം. ജേക്കബ്ബ്**
2. **മാത്യു** അടയ്ക്കാമുണ്ടയ്ക്കൽ
3. എം.ജി.രാഘവൻ
4. സി.പി.മാത്യു
5. വി.കെ.പ്രഭാകരൻ
6. പി.ഉണ്ണിക്കുഞ്ഞ്
7. കെ.എൻ.വിശ്വനാഥൻ നായർ
8. ശ്രീമതി. ത്രേസ്യാമ്മാ ആന്റണി
9. എൻ.സി.മാത്യു

അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ സ്വാഗതം ആശംസിച്ചു.

സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ **കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് യോഗത്തിൽ അവതരിപ്പിച്ചു. ചർച്ച നടത്തി അംഗീകരിച്ചു.**

**തുടർന്ന്, ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണി 2021 ജൂലായ് 31 വരെയുള്ള കണക്കുകൾ യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.**

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ നറുക്കെടുപ്പ് 2021 ഓഗസ്റ്റ് 13–ാം തീയതി വെള്ളിയാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്സ്യാമ്മ ആന്റണി യോഗത്തെ അറിയിച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25,000 രൂപായുടെ കുറി – വട്ടമെത്തി**
2. **25,000 രൂപായുടെ കുറി – വട്ടമെത്തി**
3. **50,000 രൂപായുടെ കുറി – വട്ടമെത്തി**
4. **100,000 രൂപായുടെ കുറി – വട്ടമെത്തി**
5. **100,000 രൂപായുടെ കുറി – വട്ടമെത്തി**
6. **100,000 രൂപായുടെ കുറി –**(139) **ഫിലിപ്പ് സെബാസ്റ്റ്യൻ**
7. 100,000 രൂപായുടെ കുറി – (169) **ശ്രീ. സി.പി.മാത്യൂ**

8. 100,000 രൂപായുടെ കുറി - (186) ശ്രീ. ഇ.ജി.ഗോപാല കൃഷ്ണൻ
9. 25000 രൂപായുടെ കുറി - (211) കെ.കെ.വിജയൻ
10. 100,000 രൂപായുടെ കുറി - (240) സി.എൽ.കുഞ്ഞച്ചൻ
11.100,000 രൂപായുടെ കുറി-(251)കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം

നറുക്ക് ലഭിച്ചവർക്ക് 2021 സെപ്റ്റംബർ മാസം 9–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 9–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു. ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക. 9446322416

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

താഴെ കൊടുത്തിട്ടുള്ള 5 "എ"ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചു. അഞ്ചു പേർക്കും അപേക്ഷിച്ചിട്ടുള്ള ഓഹരികൾ അനുവദിച്ചു. "എ" ക്ലാസ്സ് അംഗത്വം നല്കുവാനും തീരുമാനമായി.

പുതിയ അംഗങ്ങൾ :–

1. ശ്രീ.എൻ.സി.ജോസ്, നീരാക്കൽ, മുട്ടുചിറ
2. ശ്രീ.കെ.റ്റി.ജേക്കബ്ബ്, ഏലൂർ, കൈപ്പുഴ
3. ശ്രീ.കെ.പി.രാമകൃഷ്ണ പണിക്കർ, മേലേത്ത്, മുടിയൂർക്കര
4. ശ്രീമതി. ഹേമലത .എസ്. താഴത്തുപുരക്കൽ, കൈപ്പുഴ
5. ശ്രീ.സുകുമാരൻ നായർ.കെ.കെ. പള്ളിക്കച്ചിറ, പായിപ്പാട്

## 'സി' ക്ലാസ്സ് അംഗത്വമെടുത്തവർ

കൂടാതെ ഇനിപ്പറയുന്ന ഒരാൾക്ക് "സി" ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

ശ്രീമതി. വിജയ എസ് നായർ

## . 11-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിച്ചു

100000 രൂപ സല വരുന്ന 25 മാസം കൊണ്ട് തീരുന്ന പുതിയ ജി.ഡി.സി.എസ് കുറി ആഗസ്റ്റ് മാസം ആരംഭിച്ചു കഴിഞ്ഞു എന്ന് സന്തോഷപൂർവം അറിയിച്ചുകൊള്ളട്ടെ.അതിന്റെ മാസ തവണയായ 4000 -രൂപ 28.08.2021 മുതൽ ജി.ഡി.സി.എസിൽ ചേർന്നവരുടെ അക്കൗണ്ടിൽ നിന്ന് എല്ലാ മാസവും 28 ന് വട്ടമെത്തുന്നതുവരെ എടുക്കുമെന്ന് സെക്രട്ടറി അറിയിക്കുന്നു

ശ്രീമതി. ത്രേസ്യാമ്മ ആന്റണി നന്ദി പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു.

### X11-ാമത് ജി.ഡി.സി.എസ് കുറി ഉടനെ തുടങ്ങുന്നു

കുറച്ചു നമ്പറുകൾ കുടി ബാക്കി നിൽക്കുന്നു . വിളിക്കുക. ഓഫീസ് സെക്രട്ടറി ശ്രീമതി ത്രേസ്യാമ്മ ആന്റണി

# ഗ്രാൻഡ് ഫിനാലെ

ആഗസ്റ്റ് മാസം റിട്ടയർ ചെയ്യുന്ന സുഹൃത്തക്കളോട്,

ഓഗസ്റ്റ് മാസം 21 പേർ റിട്ടയർ ചെയ്യുന്നുണ്ട്. ജീവിതത്തിന്റെ ഒരു ഭാഗമായിരുന്ന വലിയ ഒരു ബാങ്കിങ് പ്രസ്ഥാനത്തോട് 31-08-2021 വിട പറയുന്നു . ഇന്നാണല്ലോ ചെറിയ തോതിലാണെങ്കിലും യാത്ര അയപ്പ് സമ്മേളനങ്ങൾ നടത്തുന്നത് . അതിന് സാക്ഷികളാകണമെന്നു നിങ്ങളുടെ സീനിയേഴ്സ് ആയ ഞങ്ങൾക്ക് എല്ലാവർക്കും ആഗ്രഹമുണ്ടായിരുന്നു പക്ഷേ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അതിന് സാധിക്കത്തില്ല .

ഇനിയുള്ള നിങ്ങളുടെ രണ്ടാം ഇന്നിംഗ്സിൽ ഞങ്ങളും നിങ്ങളുടെ കൂടെയുണ്ട് . നിങ്ങൾക്ക് ഒരു തണലായി നമ്മുടെ എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ കൂടെയുണ്ട്. എല്ലാവരെയും ഈ സംഘടനയിലേക്ക് സ്വാഗതം ചെയ്യുന്നു . ഒരിക്കൽ കുടി എല്ലാവർക്കും ആശംസകൾ നേരുന്നു .

അഭിവാദനങ്ങളോടെ,

കോർഡിനേറ്റേഴ്സ് ''യുണൈറ്റഡ് വി മൂവ്''

ശ്രീ മാത്യു അടയ്ക്കമുണ്ടയ്ക്കൽ: 9446046899

ജോസഫ് പാലയ്ക്കൽ: 9447048602



# Oh God ! Poor God !

JOSEPH THEKKANAL



God we believe is omnipotent, omniscient and omnipresent,
Almighty, creator of the universe, man and all creatures.
When something untoward happens, man turn to God for divine intervention.
Man created different religions,
All religions uphold the supremacy of God,
And teach life on earth as a pilgrimage to heaven.
The core of every faith is worship of God and love for mankind,
Compassion and empathy are the cardinal virtues of all beliefs.

Man built common places of assembling and worship,
Named it temple, church, mosque and so on.
Every religion make believe that it is the only right path to God,
Fanatics considered other religions inferior and a threat to their uniqueness.

Man who lived in harmony and peace began mistrusting each other,
Started uniting under the banners of religions,
To uphold his faith and to safeguard his God, the poor God!
Extremists exterminated all who came in their way,
Natural calamities and pandemics proved the awful uncertainty of life,
And the stupidity of hostility in the name of God.
But once the disaster is managed, he sharpens his weapon,
To fight and defend his God, the poor God !.

God we believe is all powerful, and never need any protection,
Let us bury the hatchets of religious barriers,
And live a life of tolerance and coexistence,
Making Mother Earth, the abode of peace and harmony.




## എസ്.ബി.ഐ. തിരുവനന്തപുരം മാനേജ്മെന്റുമായി ഘടനാപരമായ ത്രൈമാസ ചർച്ചാ യോഗം

### (Structured Meeting)



എസ്.ബി.ഐ. മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ തിരുവനന്തപുരം പ്രതിനിധികളും ബാങ്ക് മാനേജ്മെന്റ് പ്രതിനിധികളും ചർച്ചയിൽ.

തിരുവനന്തപുരം അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് മേധാവി ഡെ. ജനറൽ മാനേജർ (ഡിജിഎമ്മു)മായുള്ള ത്രൈമാസ ഘടനാപരമായ മീറ്റിംഗ് 26.8.21 –ാം തിയതി 10.30 ന് എ. ഒയിലെ കോൺഫറൻസ് ഹാളിൽ നടന്നു. അഡ്മിനിസ്ട്രേറ്റിവ് ഒഫീസ്, തിരുവനന്തപുരം. ഡിജിഎം ശ്രീ രവി കിരൺ കമർസു, എജിഎംമാർ ശ്രീ അനിൽകുമാർ, നാഗേഷ് പി, നാല് എച്ച്.ആർ മാനേജർമാർ, സിഎം.എച്ച്ആർ ശ്രീ രാജേന്ദ്ര കുമാർ എന്നിവർ ബാങ്കിനെ പ്രതിനിധീകരിച്ചു. എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷനെ പ്രതിനിധീകരിച്ചത് ശ്രീ എം എസ് അയ്യർ ഡിജിഎസ്, കെ രാജചന്ദ്രൻ നായർ എജിഎസ്, ശ്രീ ജോൺ ജോസഫ് രക്ഷാധികാരി, ശ്രീ എ ആർ സോമനാഥൻ പിളള പ്രസിഡന്റ്, ശ്രീ ജോസഫ് വി എൽ ജില്ലാ സെക്രട്ടറി, ശ്രീ എസ് രാധാകൃഷ്ണൻ ട്രഷറർ എന്നിവരാണ്. എല്ലാ അജണ്ടകളും പരിശോധിച്ച് ചർച്ച ചെയ്ത് തൃപ്തികരമായി പരിഹരിച്ചു. കൂടുതൽ മെച്ചപ്പെട്ട ഓഫീസ് സംവിധാനവും മരിച്ചു പോയ അംഗങ്ങളിടെ ഭവന വായ്പ്പകൾ, മെഡിക്കൽ ബില്ലുകൾ, ഇൻഷുറൻസ് തീർപ്പാക്കൽ തുടങ്ങിയ വിഷയങ്ങളും ശമ്പള പരിഷ്കരണം കുടിശ്ശിക എന്നിവ ചർച്ച ചെയ്തു. എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണെന്ന് ഡി.ജി.എം. ഉറപ്പ് നല്കി. യോഗം 11.30 മണിക്ക് അവസാനിച്ചു.

## തൃശൂർ വാക്സിനേഷൻ പ്രോഗ്രാം



കുത്തിവെയ്പ്പ് ജാഗ്രതയോടെ.....

തൃശൂർ എസ്ബിഐ അഡ്മിനിസ്ട്രേറ്റിവ് ഓഫിസ്സുമായി സഹകരിച്ച് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശൂർ ജില്ലാ കേന്ദ്രം മുതിർന്ന പൗരന്മരായ പെൻഷൻകാർക്കായി ഒരു വാക്സിനേഷൻ പ്രോഗ്രാം ജൂലൈ 31 ശനിയാഴ്ച്ച നടത്തി.. (31.07.21) AO കെട്ടിടത്തിൽ സൗജന്യ കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് പരിപാടി ജീവനക്കാർക്കും പെൻഷൻകാർക്കും മാത്രമായി സംഘടിപ്പിച്ചതിൽ സന്തോഷമുണ്ട്. ഏകദേശം 100 പെൻഷൻകാർക്കും ഈ പരിപാടിയിൽ പ്രതിരോധ കുത്തിവയ്പ്പ് നൽകി. അഭിനന്ദനാർഹവും പ്രശംസനീയവുമായ നടപടിക്ക് തൃശൂർ എഒ മാനേജ്മെന്റിന് എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന് വേണ്ടി അങ്ങേയറ്റം നന്ദി പറയുന്നു. തൃശൂർ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി, ശ്രീ T.T. ബാലകൃഷ്ണൻ, ജില്ലാ സെക്രട്ടറി ശ്രീ V G ചിദംബരൻ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.



ഊഴവും കാത്ത് കൊവിഡ് പ്രൊട്ടോക്കോൾ പാലിച്ച് അംഗങ്ങൾ

ഇത് സാദ്ധ്യമാക്കുന്നതിന് സഹായിച്ച തൃശ്ശൂർ അഡ്മിനിസ്ട്രേറ്റിവ് ഓഫിസ്സ് മേധാവികളെ തൃശൂർ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി, ശ്രീ T.T. ബാലകൃഷ്ണൻ നന്ദി അറിയിക്കുന്നു.



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷൻ കാസർഗോഡ് ജില്ലാ ട്രഷറാർ ശ്രീ.എം.കൃഷ്ണൻ

## അഭിനന്ദനങ്ങൾ!!

# കേശദാനം സ്നേഹദാനം

ക്യാൻസർ രോഗികൾക്കായി മുടി ദാനം ചെയ്ത് നിമിഷ വിനേഷ്. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷൻ കാസർഗോഡ് ജില്ലാ ട്രഷറാർ ശ്രീ.എം.കൃഷ്ണന്റെ മകളാണ് താൻ ഓമനിച്ച് വളർത്തിയ നീണ്ട മുടി നിർധനരായ രോഗികൾക്ക് വേണ്ടി ദാനം ചെയ്തത്. മാതൃകാപരമായ ഈ പ്രവർത്തനത്തിന് നിമിഷ വിനേഷിനെ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.



കാൻസർ ചികിത്സയുടെ ഭാഗമായി മുടി നഷ്ടപ്പെട്ടവർക്ക് വിഗ് നിർമ്മിക്കുന്നതിനായി സ്വന്തം തലമുടി ദാനം ചെയ്ത നിമിഷ വിനേഷ് കേരള ബ്ലഡ് ഡോണേഴ്സ് ഭാരവാഹികൾക്ക് തലമുടി കൈമാറുന്നു.



ടോക്കിയോ ഒളിമ്പിക്സിൽ ഭാരതത്തിന്റെ മാനം കാത്ത നീരജ് ചോപ്ര



# മഹാത്മാ അയ്യൻകാളി



കേരളത്തിൽ നിലനിന്നിരുന്ന അസ്സമത്വങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പോരാടിയ, ജനാധിപത്യവാദിയും ധിരനായ പോരാളിയും നയതന്ത്രജ്ഞനുമായിരുന്നു അയ്യങ്കാളി. കേരള നവോത്ഥാന നായകരിൽ പ്രമുഖനാണ്. **(ജീവിതകാലം: 28 ഓഗസ്റ്റ് 1863 - 18 ജൂൺ 1941).** ഉപജാതികൾക്കു അതീതമായി ചിന്തിക്കുകയും, സമൂഹത്തിലെ ക്രൂരമായ അനാചാരങ്ങളെ എതിർക്കുകയും ചെയ്യുക, വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യ സ്വാതന്ത്ര്യത്തിലേക്ക് എത്തുക എന്നിവയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ആശയങ്ങൾ.

1911 ഡിസംബർ 5 ന് അയ്യങ്കാളിയെ തിരുവിതാംകൂർ ശ്രീമൂലം പ്രജാസഭ മെമ്പർ ആയി നോമിനേറ്റ് ചെയ്തു.1912 ഫെബ്രുവരി 27 ന് കൂടിയ ശ്രീമൂലം പ്രജാസഭയുടെ എട്ടാമത് യോഗത്തിൽ അയ്യങ്കാളി പങ്കെടുത്തു .

അയിത്ത ജാതിക്കാർക്ക് വഴിനടക്കാനും വിദ്യാഭ്യാസം നേടാനും സ്വത്തുസമ്പാദിക്കാനും സർവോപരി മനുഷ്യപദവി പ്രാപ്യമാക്കാനും വേണ്ടി അദ്ദേഹം ചരിത്രത്തിൽ നടത്തിയ ഉജ്വലമായ ഇടപെടലുകളെ സ്മരിക്കാതെ കേരളത്തിലെ ഒരു വിഭാഗം ജനങ്ങൾക്കും തങ്ങൾ അനുഭവിക്കുന്ന മനുഷ്യാവകാശത്തെയും പുരോഗമനങ്ങളെയെയും ആസ്വദിക്കാൻ സാധ്യമല്ല. എല്ലാ മലയാളികളെയുമാണ് ആ മഹാനുഭാവൻ അദ്ദേഹത്തിന്റെ ഇടപെടലുകളിലൂടെ അഭിസംബോധനചെയ്തത്. അയിത്ത ജാതിക്കാർക്ക് അർഹതപ്പെട്ട അവകാശങ്ങൾ ലഭിക്കുന്നതുവരെ അദ്ദേഹം പോരാടി . ഈ സമരരൂപങ്ങളിൽ പൊതുനിരത്തിലേക്ക് അചഞ്ചലമായി ഓടിച്ചുകയറ്റിയ വില്ലുവണ്ടിയും അവർണശരീരങ്ങളെ വസ്ത്രം ധരിപ്പിച്ചു നടത്തിയ ശരീരപരിഷ്കരണത്തിലൂന്നിയ വെല്ലുവിളിയും പഞ്ചമിയെന്ന പെൺകുട്ടിയെ ആദ്യമായി അക്ഷരത്തിലേക്ക് എത്തിച്ചതും കല്ലയും മാലയും ഉപേക്ഷിക്കൽ സമരത്തിന്റെ ആഹ്വാനവും തൊണ്ണൂറാമാണ്ടു ലഹളയും ഒക്കെയുണ്ട് . കേരളം അന്നുവരെ കാണാതിരുന്ന ശക്തമായ സമരങ്ങൾ !



പൊതുനിരത്തിലേക്ക് അചഞ്ചലമായി ഓടിച്ചുകയറ്റിയ വില്ലുവണ്ടി

ജീവിതകാലം മുഴുവൻ സമരം ചെയ്തുതീർക്കണം എന്നും അദ്ദേഹം തീരുമാനിച്ചില്ല . അധികാരത്തിന്റെ ഭാഗമാ കാനും സമുദായത്തെ പ്രതിനിധാനം ചെയ്യാനും കിട്ടിയ ഒരവസരവും അദ്ദേഹം പാഴാക്കിയില്ല . തിരുവിതാം കൂർ സർക്കാരിനോട് അയിത്തജാതിക്കാരുടെ അവകാശങ്ങൾക്കുവേണ്ടി നിരന്തരം വാദിക്കാനും അത് നടപ്പാക്കാനും അദ്ദേഹം ശ്രദ്ധാലുവായിരുന്നു . ദളിത് സ്ത്രികളുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിനും അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും അയ്യങ്കാളി മുൻകൈയെടുത്തു . പെരിനാട് കലാപം കേരളത്തിലെ ദളിത് സ്ത്രീചരിത്രത്തിലെ സുവർണപാഠമാണ് . ഭൂമിയുടെ മേലുള്ള അവകാശത്തെ വളരെ പ്രാധാന്യത്തോടുകൂടി കണ്ടു . അതിലേക്കായി ഒരു നയതന്ത്രജ്ഞൻ എന്നനിലയിൽ തന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് അസാധാരണമായ പാടവമായിരുന്നു അദ്ദേഹം പ്രകടിപ്പിച്ചത്.

കേരളത്തിലെ ആദ്യത്തെ പണിമുടക്കു സമരം, തൊഴിലവകാശങ്ങൾക്കു വേണ്ടിയായിരുന്നില്ല, മറിച്ച് , അയിത്തജാതിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുവേണ്ടിയായിരുന്നു. ഉപജാതിചിന്തകൾക്ക് അതീതമായി അയിത്തജാതിക്കാരെ അദ്ദേഹം സംഘടിപ്പിച്ചു. സാധുജനങ്ങൾ എന്നൊരു സംഘടനയിൽ അയിത്ത മനുഭവിക്കുന്ന മുഴുവൻ വിഭാഗങ്ങളെയും ഒരുമിപ്പിച്ചു നിർത്തുകയും ജാതിയമായ അടിച്ചമർത്തലിനെതിരേ ഒരേസമയം ഭരണാധികാരത്തോടും ഇതര സമുദായത്തോടും കലഹിച്ചു മുന്നേറാൻ സമഗ്രമായ രാഷ്ട്രീയപദ്ധതിക്ക് രൂപംകൊടുത്തു , യുക്തിചിന്തയിൽ അധിഷ്ഠിതമായിരുന്നു അദ്ദേത്തിന്റെ പ്രവർത്തനം. കൊളോണിയൽ ആധുനികത തന്ന വെളിച്ചവും സാധ്യതകളും അദ്ദേഹം ഉപയോഗിച്ചു. 1907ൽ പുലയക്കുട്ടികൾക്കു പള്ളിക്കൂടത്തിൽ പ്രവേശനം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഉണ്ടായി. പത്ത് ബി.എ.ക്കാരെ ആഗ്രഹിച്ച അയ്യങ്കാളിയുടെ പുലയ സമുദായത്തിൽ ഇന്ന് പതിനായിരക്കണക്കിന് ഗവേഷകരും നൂറുകണക്കിന് ഡോക്ടർമാരും ഭരണാധികാരത്തിന്റെ സർവ്വ മേഖലകളിലും പ്രഗല്ഭരുമുണ്ട്. അയ്യങ്കാളി മാറ്റിത്തീർത്തത് അയിത്തജാതിക്കാരുടെ ജീവിതത്തെ മാത്രമല്ല സമൂഹത്തി

ന്റെ അടഞ്ഞതും മനുഷ്യവിരുദ്ധവുമായ സമുദായ ശക്തി ബന്ധങ്ങളെക്കൂടിയാണ് .

ഇന്ന് അവിശ്വസനീയമായി തോന്നിയേക്കവുന്ന വിപ്ലവ കരമായ ഇടപെടലുകളിലൂടെ കേരളീയ സമൂഹത്തെ അടിമുടി മാറ്റിമറിച്ച മറ്റൊരു സാമൂഹ്യ പരിഷ്ക്കർത്താവിനെ എടുത്തു കാട്ടുവാൻ ഇല്ലെന്ന് നിസ്സംശയം പറയാം.

# നർമ്മ വീഥി




# കൗതുക വാർത്തകൾ

## Do you ever look at something and wonder how it got there?





# നമ്മുടെ കൃഷി മന്ത്രിയാണ്



മൂടില്ലാത്തൊരു മുണ്ടുകൊണ്ട് തലയിൽ കെട്ടീട്ടു
വൻ കറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകി പ്രാഞ്ചി
കിതച്ചങ്ങിനെ
നാടൻ കച്ചയുടുത്ത് മേനി മുഴുവൻ ചേറും
പുരണ്ടിപ്പൊഴി
പാടത്തീന്നു വരുന്ന നിൻ വരവ് കണ്ടേറെ
കൊതിക്കുന്നു ഞാൻ

# കോവിഡ്: മരുന്നുകൾ 90 പഠനങ്ങൾ പൂർത്തിയായി

ആയുഷ് വിഭാഗത്തിലെ ചികിത്സാരീതികളിലെ മരുന്നുകൾ കോവിഡിന് എത്രമാത്രം ഫലപ്രദം എന്നതിനെക്കുറിച്ച് രാജ്യവ്യാപകമായി നടത്തിയ പഠനങ്ങളിൽ 90 എണ്ണം പൂർത്തിയായി.. 162 കേന്ദ്രങ്ങളിലായി 126 ഗവേഷണങ്ങളാണ് നടന്നിരുന്നത് . ഇതോടെ കൂടുതൽ ഔഷധങ്ങൾക്ക് അംഗീകാരസാധ്യത തെളിയും . രോഗനിർണയം അവയിൽ ഔഷധങ്ങളുടെ ഫലപ്രാപ്തി, തുടർനിരീക്ഷണം, പ്രീ ക്ലിനിക്കൽ പരീക്ഷണം , സർവേ , മോണാഗ്രാഫ് തയ്യാറാക്കൽ എന്നിവയിലൂടെയാണ് 100 പഠനം പൂർത്തികരിച്ചത്. നിലവിൽ വിവിധ വിഭാഗങ്ങളിൽനിന്നുള്ള മരുന്നുകൾ ലഘുവായ കോവിഡിന് ഫലപ്രദമെന്നും പ്രതിരോധശേഷി

വർദ്ധിധിക്കുന്നതിന് ഗുണകരമെന്നുമാണ് കണ്ടെത്തിയത് . ചില മരുന്നുകൾ കോവിഡ് രോഗിക്ക് മറ്റ് ചികിത്സകൾ നൽകുമ്പോൾ ഒപ്പം നൽകിയാൽ പെട്ടെന്ന് രോഗമുക്തി ഉണ്ടാകുന്നതായും ഗുരുതരാവസ്ഥ ഒഴിയുന്നതായും നിഗമനമുണ്ട് . ചികിത്സാകേന്ദ്രങ്ങളിലെ ക്ലിനിക്കൽ പരീക്ഷണങ്ങളിലൂടെയാണ് അവസാന നിഗമനങ്ങളിലെത്തുന്നത്. ആയുർവേദത്തിൽ 66 പഠനമാണ് നടത്തിയത് . ഹോമിയോപ്പതി 26 , സിദ്ധ 13 , യുനാനി എട്ട് , യോഗ , പ്രകൃതിചികിത്സ - 13 എന്നിങ്ങനെയാണ് മറ്റ് ആയുഷ് വിഭാഗങ്ങളിലെ പഠനം . പഠനഫലങ്ങൾ ക്രോഡീകരിച്ച് കോവിഡ് പ്രോട്ടോക്കോൾ രൂപവത്കരിക്കുന്നത് ആയുഷ് മന്ത്രാലയം , ഐ.സി.എം. ആർ. , ബയോടെക്നോളജി വകുപ്പ്, സി.എസ്.ഐ.ആർ, ഓൾ ഇന്ത്യ മെഡിക്കൽ സയൻസ് പ്രതിനിധികൾ ഉൾക്കൊള്ളുന്ന സമിതിയാണ് . കോവിഡ് ചികിത്സയിൽ ഫലപ്രദമെന്ന് കണ്ടെത്തിയ ആയുഷ്-64 (ആയുർവേദം),




കബാസുര കുടിനീർ (സിദ്ധ) എന്നിവ രാജ്യവ്യാപകമായി വിതരണം ചെയ്യുന്നതിന് റിസർച്ച് കൗൺസിലുകളും ആയുഷ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകളും നടപടിയെടുത്തു. 11 സംസ്ഥാനത്തെ 37 നിർമാണയൂണിറ്റിന് ആയുഷ്-64 മരുന്നിൻറ സാങ്കേതികവിദ്യ നാഷണൽ റിസർച്ച് ഡെവലപ്മെൻറ് കോർപ്പ്റേഷൻ കൈമാറിയിട്ടുണ്ട്. കോവിഡുമായി ബന്ധപ്പെട്ട് മരുന്നുകളുടെ അവകാശവാദങ്ങൾ പരിശോധിക്കാൻ വിദഗ്ധസമിതിയും രൂപവത്കരിച്ചു .

# വായനക്കാർ എഴുതുന്നു




## കുടുംബ പെൻഷൻ

കുടുംബ പെൻഷനിൽ വന്ന മാറ്റം വിശദീകരിക്കുന്ന ചാർട്ട് ശ്രീ. കെ.ശശി കുമാർ ഫോർവേർഡ് ചെയ്ത് അയച്ചു തന്നത്.



ശശി കുമാർ

**FAMILY PENSION + DA FOR THE MONTH OF JULY 2020**

FAMILY PENSION + DA TO THE FAMILY OF DECEASED EMPLOYEES WHO RETIRED/DIED DURING **8TH BPS** - NOV. 2002 TO OCT 2007

| (EXAMPLES TAKEN AT MAX. OF PAYSCALE) | PRESENT FAMILY PENSION + DA | PROPOSED FAMILY PENSION + DA | INCREASE IN JULY 2020 |
|---|---|---|---|
| SUBSTAFF | 6122 | 9183 | 3061 |
| CLERK | 8286 | 16575 | 8289 |
| SCALE I OFFICER | 9964 | 19927 | 9963 |
| SCALE II OFFICER | 9963 | 19927 | 9964 |
| SCALE III OFFICER | 12054 | 24109 | 10255 |
| SCALE IV OFFICER | 12075 | 24149 | 12074 |
| SCALE V OFFICER | 13315 | 23630 | 13315 |
| SCALE VI OFFICER | 14695 | 29351 | 14656 |
| SCALE VII OFFICER | 15953 | 33612 | 16659 |

FAMILY PENSION + DA TO THE FAMILY OF DECEASED EMPLOYEES WHO RETIRED/DIED DURING **9TH BPS** - NOV. 2007 TO OCT.2012

| (EXAMPLES TAKEN AT MAX. OF PAYSCALE) | PRESENT FAMILY PENSION + DA | PROPOSED FAMILY PENSION + DA | INCREASE IN JULY 2020 |
|---|---|---|---|
| SUBSTAFF | 7754 | 11631 | 3877 |
| CLERK | 10234 | 20468 | 10234 |
| SCALE I OFFICER | 10563 | 21125 | 10562 |
| SCALE II OFFICER | 11549 | 23098 | 11549 |
| SCALE III OFFICER | 12946 | 25893 | 12947 |
| SCALE IV OFFICER | 14878 | 29756 | 14878 |
| SCALE V OFFICER | 16604 | 33208 | 16604 |
| SCALE VI OFFICER | 16248 | 38740 | 22222 |
| SCALE VII OFFICER | 16248 | 42744 | 26496 |

TO THE FAMILY OF DECEASED EMPLOYEES WHO RETIRED/DIED DURING **10TH BPS** - FROM NOV. 2012 TO OCT. 2017

| (EXAMPLES TAKEN AT MAX. OF PAYSCALE) | PRESENT FAMILY PENSION + DA | PROPOSED FAMILY PENSION + DA | INCREASE IN JULY 2020 |
|---|---|---|---|
| SUBSTAFF | 8367 | 12550 | 4180 |
| CLERK | 11087 | 22174 | 11087 |
| SCALE I OFFICER | 11087 | 22174 | 11087 |
| SCALE II OFFICER | 12123 | 24248 | 12125 |
| SCALE III OFFICER | 13585 | 27171 | 13586 |
| SCALE IV OFFICER | 15611 | 31222 | 15611 |
| SCALE V OFFICER | 16330 | 34864 | 18535 |
| SCALE VI OFFICER | 16330 | 40380 | 24050 |
| SCALE VII OFFICER | 16330 | 44855 | 28525 |

C.H. VENKATACHA
GENERAL SECR

# ആലപ്പുഴ ജില്ലാ ഭരണ സമിതി യോഗം ഗൂഗിൾ മീറ്റിൽ



എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ യൂണിറ്റ് ഭരണ സമിതി യോഗം 2021 ഓഗസ്റ്റ് മാസം 28–ാം തിയതി വെള്ളയിാഴ്ച്ച രാവിലെ 11 മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ബി. സി. ഉണ്ണികൃഷ്ണൻ നായർ, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ എ.ജി. എസ്. എന്നിവർ ത പ്രത്യേക ക്ഷണിതാക്കളായി യോഗത്തിൽ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു.

# 2021 ഓഗസ്റ്റ് മാസം വിരമിക്കുന്നവരോട്



എ. ജയകുമാർ ജനറൽ സെക്രട്ടറി
എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷൻ

പ്രിയമുള്ള പ്രവർത്തകരെ ,

എസ്ബി.ഐ പെൻഷനേഴ്സ് അസോസിയേഷൻ മെമ്പർഷിപ്പ് നടപടികൾ ഡിജിറ്റൽ ആക്കുന്നു. കോവിഡ് ലോക്ക് ഡൗൺ സാഹചര്യത്തിൽ സംഘടനയുടെ മെമ്പർഷിപ്പ് നടപടികൾ ലളിതമാക്കിക്കൊണ്ട് മെമ്പർഷിപ്പ് ഫീ ഓൺലൈനോ ബാങ്ക് അക്കൗണ്ടിൽ നേരിട്ടോ അടയ്ക്കാനുള്ള സംവിധാനം ഒരുക്കിയിരിക്കുന്നു .പ്രത്യേകതകൾ

A .അപേക്ഷ

അപേക്ഷ ഫോം താഴെ കൊടുത്തിരിക്കുന്ന രീതിയിൽ പരിഷ്കരിച്ചു.

* അപേക്ഷകന്റെയും സ്പൗസിന്റെയും ഫോട്ടോകൾ ഒട്ടിക്കാൻ ഇടം .ഇത് E -ഡയറെക്ടറിയ്ക്ക് വേണ്ടിയാണ് .

* അസോസിയേഷന്റെ അക്കൗണ്ട് നമ്പറും ബാങ്ക് ബ്രാഞ്ചും ചേർത്തിരിക്കുന്നു .

1.സാധാരണ ചെയ്യാറുള്ളതുപോലെ അപേക്ഷ പോസ്റ്റ് ഓഫീസ് വഴി / കൊറിയർ വഴി ചെക്ക് അല്ലെങ്കിൽ Draft സഹിതം അയയ്ക്കാം

അല്ലെങ്കിൽ

2. Direct/online Payment നടത്തിയശേഷം

(a) ഹാർഡ് കോപ്പി പോസ്റ്റ് അല്ലെങ്കിൽ കൊറിയർ വഴി ജനറൽ സെക്രട്ടറിക്ക് അയക്കണം. അതിനുശേഷം

(b) അപേക്ഷയുടെ മൊബൈലിൽ എടുത്ത ഒരു ഫോട്ടോ വാട്ട്സ്ആപ് വഴി ജനറൽ സെക്രട്ടറിയ്ക്ക് വാട്ട്സ്ആപ് 9447018299-ൽ അയക്കുകയോ അല്ലെങ്കിൽ ഈമെയിൽ വഴി അപേക്ഷ സ്കാൻചെയ്തു അസോസിയേഷന്റെ ഈമെയിൽ ഐഡിയിലേയ്ക്ക് അയക്കുകയോ ചെയ്യണം.

sbipensionersassociationkerala@gmail.com

B . മെമ്പർഷിപ് ഫീ

സാധാരണ ചെയ്യാറുള്ള രീതിയിൽ ചെക്ക് / ഡ്രാഫ്റ്റ് അല്ലെങ്കിൽ

ഓൺലൈനിൽ നെറ്റ് വഴിയോ yono പോലുള്ള ആപ്പ് വഴി സംഘടനയുടെ അക്കൗണ്ടിലേയ്ക്ക് അയക്കുകയോ ചെയ്യണം.

ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യം

അക്കൗണ്ട് റെകോൺസിലിയേഷന്

@ജേർണൽ നമ്പർ അഥവാ
ട്രാൻസാക്ഷൻ നമ്പർ .
@ബ്രാഞ്ച് കോഡും
@ബ്രാഞ്ചിന്റ പേരും
@ഫീ അടച്ച തീയതിയും

ഇവ അതിനുള്ള കോളങ്ങളിൽ പൂരിപ്പിയ്ക്കേണ്ടതുണ്ട്

നമ്മുടെ സംഘടനയിൽ ചേരാൻ ആഗ്രഹിക്കുന്നവർ പുതിയ അപേക്ഷ ഫോം ഇനി മുതൽ ഉപയോഗിയ്ക്കണം ,

ഫീ അടയ്ക്കുവാൻ മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഒരു സൗകര്യം തെരുഞ്ഞെടുക്കാം. ഈ മാസങ്ങളിൽ വിരമിക്കുന്ന നമ്മുടെ സുഹൃത്തുക്കളോടു ഈ കാര്യങ്ങൾ പങ്കുവെയ്ക്കണം. നമുക്കൊരുമിച്ച് നില്ക്കാം. എല്ലാവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

അഭിവാദ്യങ്ങളോടെ,
എ ജയകുമാർ
ജനറൽ സെക്രട്ടറി
എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള

# വൈകി വന്ന വിവേകം



ഓഫീസിൽ വരുന്നവരോട് മറ്റൊരു ദിവസം വരാൻ പറയുന്നതിൽ തെറ്റില്ല. പക്ഷേ, ഉത്തരവാദിത്തത്തോടെ പറയുക. പിന്നീടുള്ള ദിവസം കൃത്യമായി ആവശ്യം നിറവേറ്റിക്കൊടുക്കുക. വരുന്നയാൾ ചിലപ്പോൾ കണ്ടത്തിൽ കൂലിക്ക് മറ്റൊരാളെ നിർത്തിയിട്ടാകും വരുന്നത്. അയാളുടെ സമയം വിലപ്പെട്ടതാണ്. നമ്മുടെ സൗകര്യാനുസരണമല്ല പെരുമാറേണ്ടത്. ഒരു സർക്കാർ ഓഫീസിൽ വന്നാൽ എന്ത്, എപ്പോൾ, എവിടെ നിന്ന് കിട്ടും എന്ന വ്യക്തമായ സൂചന നൽകണം. പിന്നെ ചിരിക്കാൻ പറ്റുമെങ്കിൽ ചിരിക്കുക, ഓഫീസർ ഇല്ലെങ്കിൽ എന്ന് വരുമെന്ന് കൃത്യമായി അറിയിക്കുക. നികുതി കൊടുത്താണ് അവരും ജീവിക്കുന്നത്.

കെ. ജയകുമാർ

# യാത്രയയപ്പ്

## തിരുവനന്തപുരം ആർ.ബി.ഓ 4 ൽ നിന്നും ജൂലായ് 31 ന് വിരമിച്ച

## മഹാദേവൻ



എസ്ബിഐ തിരുവനന്തപുരം ആർ.ബി.ഓഫീസിൽ 4 ൽ നിന്നും സമർപ്പിത സേവനത്തിന് ശേഷം വിരമിച്ച ശ്രീ.മഹാദേവൻ സഹപ്രവർത്തകരോടൊപ്പം യാത്രയയപ്പ് വേളയിൽ.

## സുനിൽ കുമാർ.എസ്.



എസ്ബിഐ തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിൽ നിന്നും ജൂലായ് 31ന് വിരമിച്ച ശ്രീ.സുനിൽ കുമാർ.എസ്. കുടുംബാംഗങ്ങളോടും സഹപ്രവർത്തകരോടുമൊപ്പം യാത്രയയപ്പ് വേളയിൽ

## ആനി റ്റി മാത്യു



എസ്ബിഐ പെരുവ ശാഖയിൽ നിന്നും ചീഫ് അസോസിയേറ്റായി 2021 ജൂലായ് 31 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിച്ച ശ്രീമതി. ആനി റ്റി മാത്യു കുടുംബാംഗങ്ങളോടും സഹപ്രവർത്തകരോടുമൊപ്പം യാത്രയയപ്പ് വേളയിൽ

## ശ്രീദേവി.റ്റി.ഡി



തൃപ്പൂണിത്തുറ വടക്കേ കോട്ട ശഖയിൽനിന്നും ചീഫ് അസോസിയേറ്റായി വിരമിക്കുന്ന ശ്രീമതി. ശ്രീദേവി.റ്റി.ഡി കുടുംബാംഗങ്ങളോടും സഹപ്രവർത്തകരോടുമൊപ്പം യാത്രയയപ്പ് വേളയിൽ. യാത്രാമംഗളങ്ങൾ!!

# വിരമിക്കുന്നവർ

എല്ലാവരുടേയും ഫോട്ടോകൾ സമാഹരിക്കാൻ കഴിയാത്തതിൽ ഖേദിക്കുന്നു. ലഭ്യമായവ ഇതോടൊപ്പം ചേർക്കുന്നു.

## ജോസ് ജോസഫ്



ശ്രീ. ജോസ് ജോസഫ്

സ്റ്റേറ്റ് ബാങ്ക് ഇന്ത്യയുടെ റ്റി.വി.പുരം ശാഖയിൽനിന്നും 38 വർഷത്തെ സമർപ്പിത സേവനത്തിന് ശേഷം ചീഫ് അസോസിയേറ്റായി വിരമിക്കുന്ന ജോസ് ജോസഫ് .. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. യാത്രാമംഗളങ്ങൾ!! എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# സുജാത സി.മേനോൻ



**സുജാത സി.മേനോൻ**

ശ്രീമതി. സുജാത സി.മേനോൻ കാഞ്ഞിരമറ്റം ശാഖയിൽ (എറണാകുളം ജില്ല) നിന്നും ചീഫ് അസോസിയേറ്റായി 34½ വർഷത്തെ സമർപ്പിത സേവനത്തിന് ശേഷം 31.08.2021 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. സമാധാനവും സന്തോഷവും സമ്പൽസമൃദ്ധിയും, ദീർഘായുസ്സും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ഹൃദ്യമായി ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# സത്യൻ.കെ.വി.



**ശ്രീ. സത്യൻ.കെ.വി.**

സീനിയർ ഹെഡ് മെസ്സഞ്ജർ സത്യൻ.കെ.വി. സ്റ്റേറ്റ് ബാങ്ക് ഇന്ത്യയുടെ തൃശ്ശൂർ ട്രഷറി ശാഖയിൽനിന്നും 33 വർഷത്തെ സമർപ്പിത സേവനത്തിന് ശേഷം 2021 ആഗസ്റ്റ് 31 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. യാത്രാമംഗളങ്ങൾ!!

# ആർ.തുളസീനാരായണൻ



**ആർ.തുളസീനാരായണൻ**

തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിൽ ഗവണ്മെന്റ് ബിസിനസ്സ് യൂണിറ്റിൽ നിന്നും സ്തുത്യർഹമായ മികച്ച സേവനത്തിന് ശേഷം 31.08.2021 ന് ബാങ്ക് സർവീസിൽ നിന്ന് ചീഫ് മാനേജരായി വിരമിച്ച ആർ.തുളസീനാരായണൻ. ആയുരാരോഗ്യവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു . എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാനും കർമ്മനിരതനായിരിക്കുവാനും സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ഹർഷൻ.കെ.എൻ.



**ഹർഷൻ.കെ. എൻ**

പാലക്കാട് റീജിയണൽ ബിസിനസ്സ് ഓഫീസ് -4 ൽ നിന്നും ചീഫ് അസോസിയേറ്റ് ആയി 37 വർഷം 9 മാസം ദീർഘിച്ച കളങ്കമറ്റ സേവനത്തിന് ശേഷം 2021 ആഗസ്റ്റ് 31 ന് വിരമിക്കുന്ന സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ അസിസ്റ്റന്റ് ജനറൽ സെക്രട്ടറി ആയ ഹർഷൻ.കെ. എൻ. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ്

ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലക്കാട് ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ഗീതാ ഹരികുമാർ



**ഗീതാ ഹരികുമാർ**

ഗീതാ ഹരികുമാർ എരമല്ലൂർ ശാഖയിൽനിന്നും 37 വർഷത്തെ സമർപ്പിത സേവനത്തിന് ശേഷം 2021 ആഗസ്റ്റ് 31 ന് ബാങ്ക് സേവനത്തിൽ നിന്ന് വിരമിക്കുന്നു. ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആലപ്പുഴ ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ജോസ്.എം.ജെ



ജോസ്.എം.ജെ

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊടുങ്ങല്ലൂർ ശാഖയിൽ നിന്നും 14 വർഷം 8 മാസം ദീർഘിച്ച കളങ്കമറ്റ സേവനത്തിന് ശേഷം വിരമിച്ച ജോസ്.എം.ജെ., ഹെഡ് ആംഡ് ഗാർഡ്. ആരോഗ്യവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു . എസ്.ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.




## ഗീത. കെ



എസ്. ബി. ഐ. നെടിയശാല ശാഖയിൽ ചീഫ് അസോസിയേറ്റ് ആയിരുന്ന ഗീത. കെ ഹൃദയസ്തംഭനം മൂലം അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു . 57 വയസ്സായിരുന്നു. നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

## പി.ജി.ദാമോധരൻ നായർ



**പി.ജി.ദാമോധരൻ നായർ**

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ യൂണിറ്റ് അംഗം റിട്ട. ചീഫ് മാനേജർ കോലഴി കല്പക ഗാർഡൻ സുധർമ്മയിൽ റിട്ട. ചീഫ് മാനേജർ ശ്രീ.പി.ജി.ദാമോധരൻ നായർ നിര്യാതനായ വിവരം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു.. 72 വയസ്സായിരുന്നു. കോട്ടയം സ്വദേശി. ഇപ്പോൾ തൃശ്ശൂരില് താമസം. കൃഷി വകുപ്പിലുണ്ടായിരുന്നു. ഭാര്യ:ശാലിനി മക്കൾ: അമൽ ചിത്ര നായർ, അശ്വനി നായർ. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# കെ.കെ.ശ്രീനിവാസൻ



ശ്രീ. കെ.കെ.ശ്രീനിവാസൻ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ യൂണിറ്റ് അംഗം ശ്രീ. കെ.കെ.ശ്രീനിവാസൻ (72 വയസ്സ്) (LM 1672) അവിചാരിതമായ ഹൃദയാഘാതത്തെ ത്തുടർന്ന് നിര്യാതനായ വിവരം അതീവ ദു:ഖത്തോ ടെ അറിയിച്ചു കൊള്ളുന്നു. കുടുംബത്തിന്റെ ദുഃഖത്തിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ പങ്ക് ചേരുന്നു അനുശോചനം അറിയിക്കുന്നു.

# സ്വാമിനാഥൻ.കെ.



സ്വാമിനഥൻ.കെ.

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ ജില്ലാ കേന്ദ്രത്തിലെ അംഗം സ്വാമിനാഥൻ.കെ. (LM.4329.) നിര്യതനായ വിവരം വ്യസന സമേതം അറിയിക്കുന്നു . 66 വയസ്സായിരുന്നു. ഭാര്യ പ്രേമവല്ലി.റ്റി. എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കണ്ണൂർ ജില്ല സെന്റർ അനുശോചനം രേഖപ്പെടുത്തുന്നു, കുടുംബാം ഗങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുന്നു. . പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# ഒ.ചന്ദ്രശേഖരൻ



## ഒളിമ്പ്യൻ ചന്ദ്രശേഖരൻ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ്, അംഗമായ എസ്.ബി.ഐ. റിട്ട. അസ്സി. ജനറൽ മാനേജർ മുൻ ഫുട്ബോൾ താരം ഒ.ചന്ദ്രശേഖരൻ (LM 84) അന്തരിച്ചു. 1960 റോം ഒളിംപിക്സിൽ പങ്കെടുത്ത ഇന്ത്യൻ ഫുട്ബോൾ താരം. 86 വയസ്സായിരുന്നു. പീറ്റർ തങ്കരാജ്, ചുനി ഗോസ്വാമി, കെംപയ്യ, സൈമൺ സുന്ദർരാജ്. ഇവരൊക്കെ അണിനിര ന്ന സുവർണ്ണനിരയിലെ പതാറാത്ത പ്രതിരോധ നിരക്കാരനായി രുന്നു ഇരിങ്ങാലക്കുടക്കാരൻ ഒ. ചന്ദ്രശേഖര മേനോൻ. ബോംബെ കാൾട്ടെക്സിലൂടെയാണ് ഫുട്ബോൾ കരിയറി ന്റെ തുടക്കം. തുടർന്ന് ദീർഘകാലം എസ്.ബി.ഐ.ക്കു വേണ്ടിയും ബൂട്ടണിഞ്ഞു. 1956 മുതൽ 66 വരെ സന്തോഷ് ട്രോഫിയിൽ മഹാരാഷയ്ക്കുവേണ്ടി കളിച്ചു. ചന്ദ്രശേഖരന്റെ ക്യാപ്ടൻസിയിൽ, 1963 ൽ മഹാരാഷ്ട്ര സന്തോഷ് ട്രോഫി ജേതാക്കളായി.. ചുരുങ്ങിയ കാലം ഇന്ത്യൻ ടീമിന്റെയും അമരക്കാരനായിരുന്നു. ഭാര്യ വിമല ചന്ദ്രശേ ഖരൻ. മകൻ സുനിൽ ചന്ദ്രശേഖരൻ. എസ്. ബി. ഐ പെൻഷനേഴ്സ് അസ്സോസിയയേഷന്റെ അനുശോചനം അറിയിക്കുന്നു.

## ഒ . ചന്ദ്രശേഖരനിൽനിന്ന് ഒളിമ്പ്യൻ ചന്ദ്രശേഖരനിലേക്കുള്ള വളർച്ച

ഇന്ത്യൻ ഫുട്ബോൾ ടീം നേട്ടങ്ങളോടെ തലയുയർത്തി നിന്നൊരു കാലമുണ്ടായിരുന്നു . ഒളിമ്പിക് ഗെയിംസിൽ കളിച്ചും ഏഷ്യൻ ഗെയിംസിൽ സ്വർണം നേടിയും പ്രതാപശാലികളായിരുന്ന ആ കാലത്ത് പ്രതിരോധനിരയിലൊരു കരുത്തനുണ്ടായിരുന്നു - ഇരിങ്ങാലക്കുട ഓടംപിള്ളി വീട്ടിൽ ചന്ദ്രശേഖരൻ , 1960 -ലെ റോം ഒളിമ്പിക്സിനുശേഷം കായികപ്രേമികൾ അഭിമാനത്തോടെ പേരിനൊപ്പം ഒളിമ്പ്യനെന്നു ചേർത്ത് വിളിച്ച താരം .



1960 -ലെ റോം ഒളിമ്പിക്സിനുശേഷം




ഒളിമ്പ്യൻ ചന്ദ്രശേഖരൻ വിടപറയുമ്പോൾ ഇന്ത്യൻ ഫുട്ബോളിലെ സുവർണ തലമുറയിലെ ഉജ്വലമായ ഒരു അധ്യായം കൂടിയാണ് ചരിത്രത്തിലേക്ക് മാറുന്നത്. ഒ. ചന്ദ്രശേഖരനിൽ നിന്ന് ഒളിമ്പ്യൻ ചന്ദ്രശേഖരനിലേക്കുള്ള വളർച്ച ഇന്ത്യൻ ഫുട്ബോളിന്റെ നേട്ടങ്ങളുമായി ചേർന്നുകിടക്കുന്നു . റോം ഒളിമ്പിക്സിൽ കളിച്ച ഇന്ത്യൻ ടീമിന്റെ ലൈനപ്പ് പരിശോധിച്ചാൽ അഞ്ചാം നമ്പർ ജേഴ്സിയിൽ ചന്ദ്രശേഖരനെ കാണാം. അന്ന് ഒപ്പം കളിച്ചവരുടെ പേരുകൾ കേൾക്കുമ്പോൾ ചന്ദ്രശേഖരന്റെ മികവും മഹത്വവും ബോധ്യപ്പെടും . പി.കെ. ബാനർജി നയിച്ച ടീമിൽ പീറ്റർ തങ്കരാജ് , ജെർണയ്ൽ സിങ് , തുൾസിദാസ് ബലറാം, ചുനി ഗോസ്വാമി , യൂസഫ് ഖാൻ , സൈമൺ സുന്ദർരാജ് തുടങ്ങിയ അതികായർ ഉണ്ടായിരുന്നു. പരിശീലകനായി സയിദ് അബ്ദുൾ റഹിമും. മലയാളികളായ എസ്.എസ്. നാരായണനും ദേവദാസും ആ ടീമിലുണ്ടോയിരുന്നു.

പ്രതിഭാധാരാളിത്തമുള്ള അന്നത്തെ ഇന്ത്യൻ ടീമിൽ ഒളിമ്പ്യൻ ചന്ദ്രശേഖരന്റെ മികവുകൊണ്ടുമാത്രം സ്ഥാനം ഉറപ്പിച്ചെടുത്തു ചന്ദ്രശേഖരൻ. കളി മികവിനെ കേരള ഫുട്ബോൾ അർഹിക്കുന്ന തരത്തിൽ ആദരിച്ചിരുന്നോയെന്ന സംശയം ഉയരുന്നുണ്ട് . പ്രതിരോധത്തിലെ കണിശക്കാരനായ ചന്ദ്രശേഖരൻ ഇന്ത്യൻ ഫുട്ബോൾ കണ്ട മികച്ച റൈറ്റ്ബാക്കുകളുടെ പട്ടികയിൽ സ്വന്തം പേര് എഴുതിച്ചേർത്തു.

1962 - ലെ ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ ചുനി ഗോസ്വാമിയുടെ കീഴിൽ ഇന്ത്യ സ്വർണം നേടുമ്പോഴും പ്രതിരോധത്തിൽ ചന്ദ്രശേഖരനുണ്ടായിരുന്നു.

മികവുകൊണ്ടു മാത്രം മേൽവിലാസമുണ്ടാക്കിയ ഭൂതകാലവും താരങ്ങൾ കൊണ്ടാടപ്പെടുന്ന ഇക്കാലവും തമ്മിൽ വലിയ അന്തരമുണ്ട്. അതിനെല്ലാമപ്പുറം ചന്ദ്രശേഖരന്റെ കളിമികവിന് കാലം നൽകിയ ആദരമായി ഒളിമ്പ്യനെന്ന പട്ടം പേരിനുമുന്നിലുണ്ട്. അതാണ് ആ ഫുട്ബോളർക്കുള്ള വലിയ ബഹുമതി.

### പ്രണാമം!



**സമയമാം രഥത്തിൽ ഞാൻ ...**

## ഏലിക്കുട്ടി ദേവസ്യാ



ഏലിക്കുട്ടി ദേവസ്യാ

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കാഞ്ഞിരപ്പള്ളി ഏരിയ അംഗം ശ്രീമതി ആനികുട്ടി സെബാസ്ററ്യന്റെ മാതാവ് ഏലിക്കുട്ടി ദേവസ്യാ (86) നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു .ശവസംസ്കാരം കോവിഡ് നിയന്ത്രണങ്ങൾക്ക് വിധേയ മായി പഴയിടം സെന്റ് മൈക്കിൾസ് ദൈവാലയ സിമിത്തേരിയിൽ 26-8-2021ന് നടത്തി. .ദുഖാർത്തരായ കുടുംബാംഗങ്ങളുടെ വേദനയിൽ പങ്ക് ചേരുന്നു .എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ല അനുശോചനം അറിയിക്കുന്നു . ആനികുട്ടി കാഞ്ഞിരപ്പള്ളി ബ്രാഞ്ചിൽ നിന്ന് 2021 മെയ് മാസത്തിലാണ് വിരമിച്ചത്

# എൻ. കോമൾദാസ്



എൻ കോമൾദാസ്

സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ (കേരള സർക്കിൾ) സ്ഥാപക പ്രസിഡന്റും എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പാലക്കാട്ജില്ല അംഗവും മുതിർന്ന നേതാവുമായിരുന്ന എൻ കോമൾദാസ് നിര്യാത നായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. ഹൃദയാഘാതം മൂലമായിരുന്നു അന്ത്യം. പാലക്കാട് സ്വദേശിയായ കോമൾദാസ് പാലക്കാട് ശാഖയിലായിരുന്നു ദീർഘകാലം ജോലി ചെയ്തിരുന്നത്. പാലക്കാട് ജില്ലയിലെ ശാഖകൾ അടങ്ങുന്ന വടക്കൻ മേഖലാ സോണിന്റെ അസിസ്റ്റന്റ് ജനറൽ സെക്രട്ടറി ആയി മദ്രാസ് സർക്കിൾ യൂണിയന്റെ നേതൃത്വത്തിൽ എത്തിയ സഖാവ് പിന്നീട് വൈസ് പ്രസിഡന്റ് സ്ഥാനത്തും പ്രവർത്തിച്ചു. പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം തിരുവനന്തപുരം കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനം. നാഷണൽ കോൺഫെഡറേഷൻ ഓഫ് ബാങ്ക് എംപ്ലോയീസ് സംസ്ഥാന സെക്രട്ടറിയും ഓൾ ഇന്ത്യ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സ്റ്റാഫ് ഫെഡറേഷൻ ദേശീയ വൈസ് പ്രസിഡന്റും ആയിരുന്നു. തുറന്ന അഭിപ്രായങ്ങളും മാനേജ്മെന്റിന്റെ വൈതാളികത്വത്തിനെതിരെ നിരന്തരം പോരാടുന്ന സമരോർജ്ജവും കാഴ്ച വെച്ച കോമൾദാസിന്റെ സ്മരണകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം **അറിയിക്കുന്നു.** പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

## അനുസ്മരണം

ഓ! ശരിക്കും ഞെട്ടിപ്പിക്കുന്ന വാർത്ത! പ്രിയ കോമളദാസ് ഇപ്പോൾ നമ്മോടൊപ്പമില്ലെന്ന് വിശ്വസിക്കാൻ കഴിയുന്നില്ല.. 1974 ൽ ഒറ്റപ്പാലത്ത് ഞാൻ ബാങ്കിൽ ചേർന്നതുമുതൽ എന്റെ ഓർമ്മയിൽ പതിഞ്ഞ ഒരു പേര്. അദ്ദേഹം SBSU പാലക്കാട് ശാഖയുടെ ലോക്കൽ സെക്രട്ടറിയായിരുന്നു. എല്ലാ അംഗങ്ങളുടെയും പിന്തുണ നേടിയ വളരെ ശക്തനായ നേതാവ്. സ്റ്റാഫ് യൂണിയനുവേണ്ടി സ്വയം സമർപ്പിച്ച നേതാവ്. തിരുവനന്തപുരത്ത്, കോമളൻ സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ, കേരള സർക്കിളിന്റെ ആദ്യ പ്രസിഡന്റായും ഞാൻ എസ്ബി.ഐ.ഒ.എ കേരള സർക്കിളിന്റെ പ്രസിഡന്റായും ഒരുമിച്ച് ചെലവഴിച്ച ആ ദിവസങ്ങൾ സ്നേഹപൂർവ്വം ഓർക്കുന്നു.. വിധി ചിലപ്പോൾ ഏറ്റവും അകാലവും ക്രൂരവുമാണ്. അദ്ദേഹത്തിന്റെ ആദരണീയമായ ഓർമ്മകൾക്ക് മുന്നിൽ ഞാൻ നമസ്കരിക്കട്ടെ,! അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കുടുംബാംഗങ്ങൾക്ക് എന്റെ ഹൃദയം നിറഞ്ഞ അനുശോചനം..

**കെ. രാജീവൻ**
**സംസ്ഥാന പ്രസിഡന്റ്**

# സി.എം.ജോൺ



സി.എം.ജോൺ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പത്തനംതിട്ട ജില്ല അംഗം സി.എം.ജോൺ (ഓനപ്പൻ–82) ചാണിപറമ്പിൽ അന്തരിച്ചു. സംസ്കാരം എഴുപുന്ന സെന്റ് റാഫേൽസ് പള്ളി സെമിത്തേരിയിൽ 28.08.2021 ശനിയാഴ്ച്ച വൈകന്നേരം 4 മണിക്ക് നടത്തി. ഭാര്യ: മിത്രക്കരി ചൂരക്കൊട്ടിൽ ലീലാമ്മ. മക്കൾ:ലിജി, ലിൻസ്. മരുമക്കൾ: ദിലീപ്, പ്രീതി. ദു:ഖിതരായ കുടുംബത്തിന് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# പി . രാജഗോപാൽ

ഹരിപ്പാട് തുലാംപറമ്പ് തെക്ക് ശാന്തിഭവനിൽ പി . രാജഗോപാൽ ( എസ് . ബി.ഐ. റിട്ട മാനേജർ ) നിര്യതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. 71 വയസ്സായിരുന്നു.



പി . രാജഗോപാൽ

ഭാര്യ : ഉഷാദേവി, മകൾ . രേഖാ റാണി, രാഖേഷ് മരുമക്കൾ :മധുസൂദനൻ നായർ, സ്മിത . അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ**

**കണ്ടേക്കാം അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.**

**ചീഫ് എഡിറ്റർ**




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ല അംഗം ലീലാമ്മ ജോസഫിന്റെ ഭർത്താവ് ജോർജ്ജ്. എം.കെ. നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. ദുഖാർത്തരായ കുടുംബാംഗങ്ങളുടെ വേദനയിൽ പങ്ക് ചേരുന്നു .എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ ഇടുക്കി ജില്ലാ കേന്ദ്രത്തിന്റെ അനുശോചനം അറിയിക്കുന്നു .അദ്ദേഹത്തിന്റെ ആത്മാവ് സമാധാനത്തിൽ വിശ്രമിക്കട്ടെ.

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**

ഉപദേശക സമിതി
ശ്രീ.കെ.രാജീവൻ, സംസ്ഥാന പ്രസിഡന്റ്
എ.ജയകുമാർ,
സംസ്ഥാന സെക്രട്ടറി
പത്രാധിപ സമിതി
രക്ഷാധികാരി
മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
മാനേജിംഗ് എഡിറ്റർ
ശ്രീ.എം.ജി.രാഘവൻ
ചീഫ് എഡിറ്റർ ശ്രീ.പി.പി.ഫിലിപ്പ്
പത്രാധിപ സമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
കെ. എൻ വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ.വി.ജോർജ്ജ്
കെ. കെ.പാപ്പച്ചൻ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

(കടപ്പാട് വിവിധ മാധ്യമങ്ങൾ)

SBI PENSIONERS' ASSOCIATION KERALA
KOTTAYAM - DISTRICT CENTRE, MARIYA BHAVAN I FLOOR, KUMARANALLOOR P.O, KOTTAYAM, Pin - 686016
Telphone No. 0481 - 25 67 373, Mobile: 9446424407, 9446046899, 9446122245
email: sbipakktym@gmail.com